

# മലങ്കരസഭ

## മാസിക

1988 ഒക്ടോബർ
ലക്കം 10 പുസ്തകം 43




86-ാം
ഓർമ്മപ്പെരുന്നാൾ
നവംബർ 2

*Inserted by:*
C. I. PHILIP & FAMILY
Kuwait.





കഴിമററം സെൻറ്ജോർജ്ജ് പള്ളിവകയായി പ. പരുമലതിരുമേനിയുടെ നാമത്തിൽ സ്ഥാപിക്കുന്ന കരിശിൻതൊട്ടിയുടെ ശിലാസ്ഥാപനം പ. കാതോലിക്കാബാവാ നിർവഹിക്കുന്നു. വികാരി ഫാ. ഈ. കെ. ജോർജ്ജ് (ഇഞ്ചക്കാട്ട്) ആണ് സമീപം.



മദ്രാസ് മെഡിക്കൽമിഷൻെറ വാർഷികസമ്മേളനത്തിൽ മിഷൻ പ്രസിഡൻറും ഭദ്രാസനാധിപനുമായ സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പ്രസംഗിക്കുന്നു.




# മലങ്കരസഭ

10-10-1988

## ഈ ലക്കത്തിൽ


എഡിറേറാറിയൽ
സെമിനാരിദിനം
ധ്യാനപംക്തി
പെൺകുഞ്ഞുങ്ങളെ ത്രോണോസിൽ മുത്തിക്കുന്ന....
അലക്സിയോസ് മാർ തേവോദോസ്യോസ്....
ബാലപംക്തി
വി. പൗലോസിൻെറ സ്നേഹഗീത
സന്യാസ ജീവിതം
മലങ്കര നസ്രാണികളും മലയാള സാഹിത്യവും
എത്യോപ്യൻ സഭയ്ക്ക് പുതിയ പാത്രിയർക്കീസ്
വൈദിക ഡയറക്ടറി
സഭാവാർത്തകൾ
ബൈബിൾപഠനം



EDITORIAL BOARD

H. G. Mathews Mar Barnabas Metropolitan (President)
H. G. Philipose Mar Eusebios Episcopa (Vice President)
Rev. Dr. Jacob Kurian (Chief Editor)
Rev. Dr. V. C. Samuel
Rev. Fr. T. J. Joshua
Prof: C. J. Mannummood
Prof. O. P. Kurian
Prof. T. T. Kuriakose
Mr. O. A. Mathew
Mr. Abraham Zacharia, Chempakamadom
Rev. Fr. T. G. Zacharia (Manager)


## എഡിറേറാറിയൽ

# വൈദികരെക്കുറിച്ചുള്ള പ്രതീക്ഷയും വൈദികരുടെ പ്രതീക്ഷയും

ഒക്ടോബർ രണ്ടാം തീയതിയാണല്ലോ ഈ വർഷം സെമിനാരിദിനം ആചരിച്ചത്. വൈദിക ശുശ്രൂഷയെക്കുറിച്ച് ചിന്തിക്കാവുന്ന ഒരു സന്ദർഭംകൂടിയായിരുന്നു അത്. വൈദികരെക്കുറിച്ച് സഭയ്ക്ക് ചില പ്രതീക്ഷകളുണ്ട്. അതുപോലെ മററുള്ളവരിൽ നിന്ന് വൈദികർ പ്രതീക്ഷിക്കുന്ന ചില കാര്യങ്ങളുമുണ്ട്.

മശിഹാതമ്പുരാൻെറ മാതൃക പിൻപററുന്ന ഉത്തമ ഇടയന്മാരെയാണ് സഭ പ്രതീക്ഷിക്കുന്നതെന്ന് ഒററ വാചകത്തിൽ പറയാമെങ്കിലും, അതിനു കുറേക്കൂടി വിശദീകരണം ആവശ്യമാണ്.

'അച്ചൻ വന്നെച്ചുപോയി. പക്ഷേ ഒന്നു പ്രാർത്ഥിച്ചു പോലുമില്ല'.

'കുറേ അച്ചന്മാരുണ്ടായിരുന്നു. ഒരാൾപോലും രണ്ടു വാക്കു പ്രസംഗിച്ചില്ല'.

'ആളെ കണ്ടാൽ സുന്ദരൻ. ഭംഗിയായ വസ്ത്രധാരണം. പ്രവർത്തനശൈലിയിൽ ഒരു സുഖിയൻെറ മട്ടുണ്ട്. ആളോടടുക്കുമ്പോൾ ഒരു കഥയില്ലായ്മ. ആകെക്കൂടി ഒരു സുന്ദരവിഡ്ഢി'.

'അച്ചൻ വന്നു ധൂപപ്രാർത്ഥന നടത്തി, കൊടുത്തത് വാങ്ങിച്ചുകൊണ്ടുപോയി. ആ വിധവയോടോ, കുഞ്ഞുങ്ങളോടോ ഒരാശ്വാസവാക്കു പറയുവാൻ അങ്ങേർ മെനക്കെട്ടില്ല'.

വൈദികരെക്കുറിച്ചുള്ള പ്രതീക്ഷയുടെ പശ്ചാത്തലത്തിൽ ഓരോരോ അനുഭവത്തിൻെറ അടിസ്ഥാനത്തിൽ പറഞ്ഞു കേൾക്കുന്ന പരാമർശങ്ങളാണിവ. മറവലിയ്ക്കുമ്പോൾ പ്രത്യ

ക്ഷപ്പെടുകയും, മായിടുന്നതോടെ മായുകയും ചെയ്യുന്ന ഒരപൂർവ്വ ജീവിയെയല്ല വൈദികനിൽ പ്രതി
ഷ്ഠിക്കുന്നത്. ആരോടും മിണ്ടാതെ, ആരോരും അറിയാതെ ഇരിക്കുന്ന ഒരു സന്യാസിയേയും അല്ല
വൈദികനിൽകൂടി മററുള്ളവർ കാണുന്നത്. വാചാലനായ ഒരു വാഗ്മിയോ, നിർമ്മാണപ്രവർത്തന
ങ്ങളുടെ പരിശ്രമശാലിയോമാത്രമല്ല 'വൈദികൻ'.

---

വൈദികർ നല്ല ഇടയന്മാരായി സന്ദർഭത്തിനൊത്ത് ഉയരണം. സ്വന്തം പ്രാർത്ഥനയിൽ
വൈദികനു വലിയ വിശ്വാസമില്ലെങ്കിലും വൈദികന്റെ പ്രാർത്ഥനയിൽ വിശ്വസിക്കുന്നവരാണ്
ജനം എന്നോർക്കണം. താഴ്മ നല്ലതാണെങ്കിലും പറയേണ്ടിടത്ത് രണ്ടു വാക്കു പറയുവാൻ, പ്രത്യേ
കിച്ച് കുർബാനമദ്ധ്യേ രണ്ടു വാക്കു പറയുവാൻ ശ്രദ്ധിക്കുന്നില്ലെങ്കിൽ പിന്നെന്തിനാണിതിനിറ
ങ്ങിപ്പുറപ്പെട്ടത്? വൈദികൻ എത്ര സുന്ദരനാണെങ്കിലും, സുന്ദരനായി കാണപ്പെടാൻ ശ്രമിച്ചാ
ലും ജനം ആസ്വദിക്കുവാൻ ഇഷ്ടപ്പെടുന്നത് ആന്തരികസൗന്ദര്യമാണ്. ജനം പ്രതീക്ഷിക്കുന്ന
'ഘനം' (തലക്കനമല്ല; ആന്തരിക അറിവിന്റെയും, കഷ്ടപ്പെടുവാനും ത്യാഗം അനുഭവിപ്പാനുമുള്ള
സന്നദ്ധതയുടേയും തന്റെ വിളിയെക്കുറിച്ചുള്ള ഉൾബോധ്യത്തിന്റെയും 'ഘനം') ഇല്ലെങ്കിൽ
'സുന്ദര വിഡ്ഢി'യായി മുദ്രകുത്തപ്പെടാൻ അധികം താമസിക്കുകയില്ല. വെറുമൊരു പൂജാരിയെ
യല്ല, തങ്ങളുടെ ആത്മീയ പിതാവിനെയാണ് ഭൂരിപക്ഷമാളുകളും അന്വേഷിക്കുന്നതെന്നോർക്കണം.

പ്രാർത്ഥനാജീവിതവും, വായനയുടേയും പഠനത്തിന്റെയും ശീലവും, കഷ്ടപ്പെടുവാനുള്ള
സന്നദ്ധതയും, ആത്മാക്കളെക്കുറിച്ചുള്ള എരിവും ഇല്ലാതെ ഒരു വൈദികനും തന്റെ ശുശ്രൂഷ ഭംഗി
യായി നിർവഹിക്കുവാൻ സാധ്യമല്ല.

മറുവശത്ത് വൈദികർക്കും മററുള്ളവരിൽ നിന്ന് ചില പ്രതീക്ഷകളുണ്ട്. പ്രത്യേക സൃഷ്ടി
കളായി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നവരല്ല അവർ; പ്രത്യുത അവരും മനുഷ്യരാണെന്ന ചിന്ത
എല്ലാവർക്കും വേണമെന്നുള്ളതാണ്, പ്രസ്തുത പ്രതീക്ഷകളുടെ സാരം. ഇവിടെയും അല്പം വിശ
ദീകരണം വേണം.

'ഞാൻ ഒരുവനോട് മിണ്ടിയാൽ, അവന്റെ വീട്ടിൽ പോയാൽ, മററവൻ പിണങ്ങും'.
'അവരുടെ പ്രശ്നം ഒന്നു ചർച്ചചെയ്യാം എന്നു വിചാരിച്ച് പല ശ്രമങ്ങൾ നടത്തി. 'അച്ചനി
തൊക്കെ അറിഞ്ഞിട്ടെന്താ കാര്യം' എന്ന മട്ടിലാണ് പ്രതികരണം'.
'ട്രസ്ററിയുടെ മനോഭാവം, 'അച്ചൻ കുർബാന ചൊല്ലിയിട്ടു പോയാൽ മതി, പള്ളി ഞങ്ങളു
ടേതാ, ബാക്കി കാര്യങ്ങളൊക്കെ ഞങ്ങൾ നോക്കിക്കോളാം' എന്നാണ്'.
'ഞങ്ങൾക്കു സെമ്മിനാരിയിൽ കിട്ടിയിരിക്കുന്ന പരിശീലനങ്ങൾ ഒന്നും മുതലെടുക്കാൻ
അവർക്ക് മനസ്സില്ല. 'സുറിയാനി അറിയാമോ, നല്ല ചൊലുത്താണോ എങ്കിൽ അച്ചൻ കേമനാ
ണ്' എന്നാണ് അയ്മേനി പ്രമുഖന്മാരുടെപോലും ചിന്ത'.

വൈദികശുശ്രൂഷയുടെ പശ്ചാത്തലത്തിൽ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കേൾക്കുന്ന
പരാമർശങ്ങളാണിവ. ആരോടെങ്കിലും മിണ്ടിപ്പോയതുകൊണ്ടു മാത്രം പക്ഷം പിടിക്കുന്ന വെറും പാവ
യല്ല അച്ചനെന്നു ചിന്തിക്കുവാൻ കഴിയാത്തതെന്ത്? ഉന്നത വിദ്യാഭ്യാസവും, ദീർഘകാലത്തെ പരിശീ
ലനവും കഴിഞ്ഞ വൈദികരിൽ നിന്നുപോലും ജീവിതപ്രശ്നങ്ങളെ നേരിടുവാനുള്ള ഉപദേശം തേടു
വാൻ അഭ്യസ്തവിദ്യർ പോലും ശ്രമിക്കാത്തതെന്ത്? ആധുനിക കാലത്തിനനുയോജ്യമായി വിവിധ
വിജ്ഞാനശാഖകളിൽ വൈദികപരിശീലനം സിദ്ധിച്ചവരെയും ചില പ്രമുഖന്മാർ പോലും അള
ക്കുന്നത് 'സുറിയാനിയിലും' 'ചൊലുത്തി'ലും മാത്രമാകുന്നതെന്തുകൊണ്ട്? 'പൂജാരി' തൊഴിലാളി
അല്ലെന്നതു ശരി. പക്ഷേ 'പൂജാരി'യ്ക്കും കുടുംബത്തിനും വായും വയറും തമ്പുരാൻ കൊടുത്തിട്ടു
ണ്ടെന്നുള്ള വസ്തുത വിസ്മരിക്കുന്നതെന്ത്?

ഫാ. ഡോ. ജേക്കബ് കുര്യൻ



# സെമിനാരി ദിനം

## പ. ബാവാ തിരുമനസ്സിലെ കല്പന

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ,

നമ്മുടെ വൈദിക സെമ്മിനാരി ഇന്ന് ഏഷ്യയിലെ ഒരു ഒന്നാംകിട സെമ്മിനാരിയായി വളർന്നിരിക്കയാണ്. സഭയ്ക്ക് ആവശ്യമുള്ള വൈദികരെ പരിശീലിപ്പിക്കുന്നതിനോടൊപ്പം, വേദശാസ്ത്ര വിഷയങ്ങളിലുള്ള ഗവേഷണപഠനത്തിനും, സഭാമക്കളുടെ ആത്മീയബോധനത്തിനും, സഭയുടെ ഭാവിയെ ലാക്കാക്കിയുള്ള വിവിധങ്ങളായ നേതൃത്വ സംരംഭങ്ങൾക്കും സെമ്മിനാരി ഇപ്പോൾ മുന്നിട്ടിറങ്ങിയിരിക്കുന്നു. മാസ്ററർ ഓഫ് തിയോളജി, ഡോക്ടർ ഓഫ് തിയോളജി മുതലായ ഗവേഷണ ബിരുദപഠനത്തിനുള്ള കേന്ദ്രമായി നമ്മുടെ സെമ്മിനാരിയെ സെറാമ്പൂർ യൂണിവേഴ്സിററി അംഗീകരിച്ചിരിക്കയാണ്. സെമ്മിനാരിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ദിവ്യബോധന പഠനപരിപാടി വിജയകരമായി നടക്കുന്നതോടൊപ്പം ഒരു പുതിയ സംരംഭമായി 'തിരുവചനഭാഷ്യം' എന്ന പേരിൽ പുതിയനിയമഗ്രന്ഥങ്ങൾക്കുള്ള വ്യാഖ്യാന—ധ്യാനഗ്രന്ഥങ്ങൾ തയ്യാറായിക്കൊണ്ടിരിക്കുന്നു. ലെനിൻഗ്രാഡിലും ഇംഗ്ലണ്ടിലും ഉള്ള വിവിധ സംഗീത അക്കാഡമികളിൽ നിന്ന് ക്രൈസ്തവസംഗീതത്തിൽ പ്രാവീണ്യം നേടിയിട്ടുള്ള നമ്മുടെ എം. പി. ജോർജ് ശെമ്മാശന്റെ നേതൃത്വത്തിൽ ഒരു ക്രൈസ്തവ സംഗീത പഠനകേന്ദ്രവും സെമ്മിനാരിയിൽ തുറന്നുകഴിഞ്ഞു.

വാത്സല്യമുള്ളവരേ, ഇങ്ങനെ ബഹുമുഖമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സെമ്മിനാരിക്ക് സാമ്പത്തികമായ ആവശ്യങ്ങളും ഏറിക്കൊണ്ടിരിക്കയാണ്. ദൈനംദിന ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്ന് നിങ്ങൾക്ക് അറിയാമല്ലോ. താമസസൗകര്യം ഇനിയും കൂടുതൽ ഉണ്ടായെങ്കിലേ ഭദ്രാസനങ്ങളുടെ ആവശ്യമനുസരിച്ച് വിദ്യാർത്ഥികളെ എടുക്കുവാൻ സാധിക്കൂ. ലൈബ്രറിയും വികസിപ്പിക്കേണ്ടതായിട്ടുണ്ട്.

ഈ വർഷം ഒക്ടോബർ 2—ാം തീയതി ഞായറാഴ്ച സെമ്മിനാരി ദിനമായി ആചരിച്ചു. സെമ്മിനാരിക്കുവേണ്ടി പ്രാർത്ഥിക്കുകയും പിരിവിനുള്ള കവറുകൾ വിതരണം ചെയ്യുകയും ചെയ്തുകാണുമല്ലോ. സെമ്മിനാരിയുടെ പ്രധാന വരുമാനം കവർ പിരിവിൽകൂടി നിങ്ങൾ ഓരോരുത്തരും നൽകുന്ന സംഭാവനയാണ്. അതുകൊണ്ട് കവർ പിരിവിൽ നിങ്ങൾ ആത്മാർത്ഥമായി സഹകരിക്കണം. കവർ പിരിവിൽ നിന്നു ലഭിക്കുന്ന സംഭാവനയും അന്നത്തെ കാണിക്കയും പള്ളിയിൽ നിന്നുള്ള സംഭാവനയും ചേർത്ത് ഒക്ടോബർ 31—നു മുമ്പായി പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമ്മിനാരി, കോട്ടയം—1 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. ഉത്തമന്മാരായ വ്യക്തികളെ വൈദിക പരിശീലനത്തിന് പ്രോൽസാഹിപ്പിക്കുന്നതിനും സെമ്മിനാരി വാഗ്ദാനം ചെയ്യുന്ന വിവിധ പരിപാടികൾ പ്രയോജനപ്പെടുത്തുന്നതിനും ഇടവകകൾക്ക് പ്രത്യേക ചുമതലയുണ്ടെന്ന് നാം ഓർമ്മപ്പെടുത്തുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...........

1983 ആഗസ്ററ് 6—ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്ന്

ധ്യാന പംക്തി

# നാം ആരാണ്?

ബർന്നബാ

**നാം** ഉടമ്പടിയുടെ മക്കളാണ്. വി. മാമോദീസായിലാണ് ആദ്യത്തെ ഉടമ്പടി. വി. കുമ്പസാരത്തിലും വി. കുർബാനയിലും ആ ഉടമ്പടി നാം പുതുക്കുന്നുണ്ട്.


ഇസ്രായേല്യരുമായി ദൈവം നടത്തിയ ഉടമ്പടി പുറ. 24: 1–8–ൽ കാണാം. യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ചു നടക്കുമെന്ന്, ജനങ്ങൾ പ്രതിജ്ഞചെയ്തതായും, അപ്പോൾ ആ പ്രതിജ്ഞയെ ഉറപ്പിക്കുന്നതിനായി യാഗരക്തം മോശ ജനത്തിൻെറ മേൽ തളിച്ചതായും നാം വായിക്കുന്നു. എന്നാൽ യിസ്രായേല്യർ ഈ ഉടമ്പടിയെ ലംഘിച്ച് കാളക്കുട്ടിയെ വന്ദിച്ചു. അതിനുശേഷം പുതിയ ഉടമ്പടിയെക്കുറിച്ച് ദൈവം യിരെമ്യാപ്രവാചകനിൽകൂടി അരുളിച്ചെയ്തത്: 'ഞാൻ ഇസ്രായേൽ ഗൃഹത്തോടും, യഹൂദ ഗൃഹത്തോടും, പുതിയൊരു നിയമം (ഉടമ്പടി) ചെയ്യുന്ന കാലം വരുമെന്ന് യഹേവയുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കുപിടിച്ച് മിസ്രയിം ദേശത്തുനിന്ന് കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമംപോലെയല്ല.... ഞാൻ എൻെറ ന്യായപ്രമാണം അവരുടെ ഉള്ളി

(ശേഷം 23–ാം പേജിൽ)

## 13–ാം സ്ഥാനാരോഹണ വാർഷികം

പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് കാതോലിക്കാ സിംഹാസനത്തിൽ ആരൂഢനായിട്ട് ഒക്ടോബർ 27–ാം തീയതി പതിമൂന്നു വർഷങ്ങൾ പൂർത്തിയാവുകയാണ്. ഇത്രയുംനാൾ സഭാനൗകയെ വിജയകരമായി നടത്തുന്നതിന് പരിശുദ്ധ പിതാവിനെ കാത്തു പരിപാലിച്ച ദൈവത്തെ സ്തുതിക്കുകയും ആരോഗ്യത്തോടുകൂടി സഭയെ ഇനിയും ദീർഘനാൾ ഭരിക്കത്തക്കവണ്ണം ദൈവം തമ്പുരാൻ ദീർഘായുസ്സു നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മലങ്കരസഭാമാസിക വായനക്കാരായ
അവിടുത്തെ ആത്മീയമക്കൾ





# പെൺകുഞ്ഞുങ്ങളെ ത്രോണോസിൽ മുത്തിക്കുന്നതിനെക്കുറിച്ചും മററുമുള്ള പ. സുന്നഹദോസ് തീരുമാനം

1988 ജൂലൈ മാസം നടന്ന പ. സുന്നഹദോസിൻെറ തീരുമാനങ്ങൾക്ക് E. P. S. (Ecumenical Press Service) തുടങ്ങിയ പല പ്രസിദ്ധീകരണങ്ങൾ വഴി അന്തർദ്ദേശീയപ്രചാരം ലഭിച്ചു കഴിഞ്ഞു. പാരമ്പര്യങ്ങൾ ഒന്നും മാററരുത് എന്നു ചിന്തിക്കുന്ന യാഥാസ്തികർ സഭയിൽ എക്കാലവും കാണാതിരിക്കയില്ല. എന്നാൽ പ. സുന്നഹദോസ് തീരുമാനിച്ചെങ്കിൽ അതിനു തക്കതായ കാരണം കാണും എന്ന് അവർ മനസ്സിലാക്കണം. മാസികയിലെ സംശയങ്ങൾ ചോദിക്കുക എന്ന പരമ്പരയിൽ മറുപടിക്കായി ഈ വിഷയം സംബന്ധിച്ച സംശയങ്ങൾ ചിലർ അയച്ചുതന്നിട്ടുണ്ട്. എന്താണ് പ്രധാന തീരുമാനങ്ങൾ?

1) മാമോദീസാ കഴിഞ്ഞ് ആൺകുട്ടികളെ പ. ത്രോണോസിൽ മുത്തിക്കുന്ന പള്ളികളിൽ പെൺകുട്ടികളെയും മുത്തിക്കണം.

2). വി. വേദപുസ്തകത്തിലെ പഴമവായന വി. കുർബാന ആരംഭിക്കുംമുമ്പേ സ്ത്രീകൾക്കും വായിക്കാവുന്നതാണ്.

എന്താണ് പ്രധാന സംശയങ്ങൾ?

1) വി. ത്രോണോസിൽ മുത്തിക്കുന്നത് പട്ടം ഏൽക്കുവാനുള്ള അനുവാദത്തിൻെറ ഒരു സൂചനയല്ലേ?

2) പ്രായമായവരെ മാമോദീസാ മുക്കുമ്പോൾ ആ കൂട്ടത്തിൽ മാമോദീസാ ഏററ സ്ത്രീകളെയും മദ്ബഹായിൽ കൊണ്ടുപോയി ത്രോണോസ് മുത്തിക്കുമോ?

3) മററ് ഓർത്തഡോക്സ് സഭകൾ എല്ലാം ചെയ്യുന്നതുപോലെയല്ലേ നാമും ചെയ്യേണ്ടത്?

4) സ്ത്രീകൾക്കു പഴമ വായിക്കാമെങ്കിൽ മദ്ബഹായിൽ ശുശ്രൂഷക്കാർ വായിക്കുന്ന ലേഖനഭാഗങ്ങളും വായിക്കുന്നതിനു തെററുണ്ടോ?

5) 'സ്ത്രീകൾ സഭയിൽ മിണ്ടരുത്' എന്ന വേദവാക്യം അനുസരിക്കേണ്ടതല്ലേ?

6) ഇതുവരെ ത്രോണോസിൽ മുത്തിക്കാതിരുന്ന മാമോദീസാ മുങ്ങിയ സ്ത്രീകൾക്ക് കൃപാശികപരമായ കുറവുണ്ടായിരുന്നുവോ?

7) ഹൂഹായ്ക്കുശേഷം ആദ്യം വരുന്ന കുട്ടി ആണോ പെണ്ണോ എന്നു നോക്കാതെ മാമോദീസാ മുക്കാമെങ്കിൽ മാമോദീസായ്ക്കുള്ള മൂറോനൊഴിച്ച് ശുദ്ധീകരിച്ച വെള്ളം വേറെ മാററിവച്ചിട്ട് അതിൽ പെൺകുട്ടികളെ മാമോദീസാ മുക്കാതെ ഒരേ വെള്ളത്തിൽ മുക്കിയാൽ പോരേ?

ഈ സംശയങ്ങൾക്കു മറുപടി നൽകുംമുമ്പേ പൊതുവായി രണ്ടു കാര്യങ്ങൾ സൂചിപ്പിക്കേണ്ടതായുണ്ട്.

1. പെന്തക്കോസ്തുകാർ വേദപുസ്തകം സകല സത്യത്തിലേക്കും വഴിനടത്തും എന്നു വ്യാഖ്യാനിക്കുംപോലെ പാരമ്പര്യങ്ങൾ എല്ലാം നിത്യമായി ആധികാരികതയുള്ളതാണെന്നോ, വേദപുസ്തകവ്യാഖ്യാനം അക്ഷരികമായിരിക്കണമെന്നോ ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നില്ല. 'ഇനിയും വളരെ കാര്യങ്ങൾ നിങ്ങളോട് പറവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിൻെറ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും' (യോഹ. 16:12 f). അതുപോലെതന്നെ വി. പൗലോസിൻെറ ലേഖനങ്ങളും കർത്താവിൻെറ അരുളപ്പാടും ഒരുപോലെയാധികാര്യതയുള്ളവയല്ല എന്നു വി. പൗലോസ് തന്നെ സൂചിപ്പിക്കുന്നു. 'കന്യകമാരെക്കുറിച്ച് എനിക്ക് കർത്താവിൻെറ കല്പനയില്ല. എങ്കിലും ഞാൻ അഭിപ്രായം പറയുന്നു' (1 കൊരി. 7:25). ഉദാഹരണമായി 'ഏതു പുരുഷൻെറയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിൻെറ തല ദൈവം' എന്ന് വി. പൗലോസ് പറഞ്ഞിരിക്കുന്നത് (1 കൊരി. 11:3). അദ്ദേഹത്തിൻെറ സ്വന്ത അഭിപ്രായം മാത്രമാണ്. സഭയുടെ ത്രിത്വോപദേശത്തിൽ പിതാവും പുത്രനും പരിശു

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ദ്ധാത്മാവും സമസാരാംശവും സമസമത്വവും സമനിത്യവുമാണ്. അതുപോലെതന്നെ 'സ്ത്രീ സഭയിൽ മിണ്ടരുത്' എന്നിത്യാദി ഭാഗങ്ങൾ പൗലോസിന്റെ സ്വന്ത അഭിപ്രായവും കർത്താവു കല്പിച്ചതിന് എതിരും ആണല്ലോ. ഉയർപ്പിന്റെ സദ്വർത്തമാനം 'അവരോടു പറക' എന്നു മഗ്ദലക്കാരിയോട് കർത്താവു കല്പിച്ചു. 'മഗ്ദലക്കാരി മറിയ വന്നു താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരോട് അറിയിച്ചു (യോഹ. 20:17f). 'ശിഷ്യന്മാരോടുപോലും സദ്വർത്തമാനം അറിയിക്കുവാൻ കർത്താവു സ്ത്രീകളോട് കല്പിച്ചിരിക്കെ 'സ്ത്രീ സഭയിൽ മിണ്ടരുത്' എന്ന് വി. പൗലോസ് സെമെററ്ക്കു പശ്ചാത്തലത്തിൽ പറഞ്ഞതിന് എന്താണ് നിത്യപ്രസക്തി. പാരമ്പര്യത്തെക്കുറിച്ച് 'മുറുകെ പിടിക്കുക' (2 തെസ്സ. 2:15) എന്ന് വി. പൗലോസ് പറയുമ്പോൾ പരീശന്മാർ പാരമ്പര്യങ്ങളെ മുറുകെ പിടിക്കുകയും നീതിന്യായം ത്യജിക്കുകയും ചെയ്തതിനെതിരായി കർത്താവ് ഏഴു പ്രാവശ്യം 'അയ്യോ കഷ്ടം' പറഞ്ഞിരിക്കുന്നു (മത്താ 23). നമ്മുടെ കർത്താവിനെ യഹൂദന്മാർ കുരിശിച്ചത് ശാബത്തിനെക്കുറിച്ചുള്ള പാരമ്പര്യം ലംഘിച്ചതിനാൽ കൂടിയായിരുന്നല്ലോ. പാരമ്പര്യം പുളിച്ച മാവാകുമ്പോൾ ഉപേക്ഷിക്കണം. നല്ല പാരമ്പര്യങ്ങൾ മുറുകെ പിടിക്കണം. പരിശുദ്ധാത്മാവ് പ. സുന്നഹദോസിൽ മാത്രമല്ല, സഭയിലും ലോകത്തിലും പ്രവർത്തിക്കുന്നുണ്ട്. പരിശുദ്ധാത്മ നടത്തിപ്പിലുള്ള തീരുമാനങ്ങൾ സഭാംഗങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുന്നതും അതേ പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവും സഭയും കഴിഞ്ഞാണ് വേദപുസ്തകത്തിനും പാരമ്പര്യങ്ങൾക്കുമുള്ള സ്ഥാനം. എന്നാൽ നിത്യവചനമായ ക്രിസ്തുവിന് പരിശുദ്ധാത്മ തുല്യമായ പ്രാധാന്യമുണ്ട്, വി. പൗലോസിന്റെ ലേഖനങ്ങൾ' അറിവില്ലാത്തവരും അസ്ഥിരരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു' (2 പത്രോ. 3:16). സകല സത്യത്തിലേക്കും വഴിനടത്തുന്ന പരിശുദ്ധാത്മാവ് വി. ത്രിത്വം സഭയുടെ അടിസ്ഥാനവിശ്വാസമാക്കിയെങ്കിലും ആ വാക്ക് വി. വേദപുസ്തകത്തിൽ ഇല്ല എന്നോർക്കണം. പിതാക്കന്മാരുടെ കാലം കഴിഞ്ഞാൽ പുതിയ സത്യങ്ങളിലേക്ക് പരിശുദ്ധാത്മാവ് നയിക്കയില്ല എന്ന് ഓർത്തഡോക്സ് സഭകൾ വിശ്വസിക്കുന്നില്ല.


**CHACHA REAL ESTATE COMPANY**

The Nations Brokerage - Every Day We Earn Americas Trust
211-77 Jamaica Avenue, Queens Village, New York 11428
718 479 9100

**RESIDENTIAL COMMERCIAL INDUSTRIAL
LAND MORTGAGES MANAGEMENT**

Investment or re-location into New York City Metro area services of America's distingushed realtor with nationally acclaimed symbol of excellence through his knowledge and skills are available.

E. I. ABRAHAM, Omallur MBA, GRI, CRS.
(Subscription paid life member of Malankara Sabha)


രണ്ടാമതു പറയുവാനുള്ളത് മററ് ഓർത്തഡോക്സ് സഭകൾ നമുക്ക് മാതൃക കാണിക്കണമെന്നില്ല എന്നാണ്. അർമീനിയൻ സഭ പുളിപ്പില്ലാത്ത അപ്പമാണ് വി. കുർബാനയ്ക്ക് ഉപയോഗിക്കുന്നത്. കോപ്ററിക്ക് എത്യോപ്യൻ സഭകളിൽ പരിച്ഛേദന ഇപ്പോഴും നിലനിൽക്കുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭകൾ ഏഴു സുന്നഹദോസുകൾ അംഗീകരിക്കുമ്പോൾ നാം മൂന്നു മാത്രം അംഗീകരിക്കുന്നു. ബൈസന്റൈൻ സഭകൾ ഇരു സ്വഭാവവാദം സ്വീകരിച്ച കൽക്കദോന്യ കൗൺസിൽ അംഗീകരിക്കുന്നു, നാം അംഗീകരിക്കുന്നില്ല. ഭാരതത്തിലെ ഓർത്തഡോക്സ് സഭയുടെ പഴക്കം റഷ്യൻ ഓർത്തഡോക്സ് സഭയ്ക്കില്ല. അതിനാൽ നാം അവർക്ക് മാതൃക കാണിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ ഉപയോഗിക്കുന്നെങ്കിൽ സവിനയം നാം സധൈര്യം മുമ്പോട്ടു പോകണം. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ബൈസന്റൈൻ സഭകൾക്ക് ചില കാര്യങ്ങളിൽ മാതൃകയായിക്കൊണ്ടിരിക്കുകയാണ്. ഇനി മുമ്പുന്നയിച്ച ഏഴു സംശയങ്ങൾക്ക് നമ്പരിട്ട് ചുരുക്കത്തിൽ മറുപടി പറയാം.

1) ത്രോണോസിൽ മുത്തിക്കുന്നത് പട്ടം ഏൽക്കുവാനുള്ള അനുവാദസൂചനയല്ല. ഡോക്ടർ ഡിവ്രീസ് ആദ്യ സഭാചരിത്രത്തിൽ ഗവേഷണം നടത്തിയിട്ടുള്ള ഒരു വലിയ റോമൻ കത്തോലിക്ക പണ്ഡിതനാണ്. അദ്ദേഹത്തോട് ഈ വിഷയം ഞാൻ ചർച്ച ചെയ്തിട്ടുണ്ട്. പഴയനിയമത്തിൽ ആദ്യജാതന്മാരെ ദൈവത്തിന് പ്രതിഷ്ഠിക്കുമായിരുന്നു. ആ പാരമ്പര്യത്തിൽ മൂത്ത മകനെ മാത്രമെ ആദ്യകാലങ്ങളിൽ ത്രോണോസിൽ മുത്തിച്ചിരുന്നുള്ളു. ഇന്നും ചില പള്ളികളിൽ അടിമവയ്ക്കുന്ന കുട്ടികളെ മാത്രം ത്രോണോസിൽ മുത്തിക്കുന്ന രീതി നിലനിൽക്കുന്നു. ദൈവത്തിനു പ്രതിഷ്ഠിക്കുന്ന അർത്ഥത്തിൽ സാത്താനെ ഉപേക്ഷിച്ചു മശിഹായെ സ്വീകരിച്ച ഏതു സ്ഥാനാർത്ഥിയും കർത്താവിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കയാണ്. അതിനാൽ ആൺകുട്ടികളെ മുഴുവൻ ത്രോണോസിൽ മുത്തിക്കുന്ന രീതി രണ്ടാമതുണ്ടായി. ഇനി മൂന്നാമത് പ്രതിഷ്ഠിക്കപ്പെട്ട പെൺകുഞ്ഞുങ്ങളെയും മുത്തിക്കുവാൻ അധികാരം തരുവാൻ പ. സുന്നഹദോസിനെ ദൈവാത്മാവ് വഴിനടത്തി എന്നു ചിന്തിക്കയാണ് നല്ലത്. പെൺകുഞ്ഞുങ്ങളെ ത്രോണോസിൽ മുത്തിക്കുന്നതിന് സഭയ്ക്ക് അധികാരമുണ്ടെന്നാണ് ഡോക്ടർ ഡിവ്രീസ് പറഞ്ഞത്.

2) പ്രായമായവരെ മാമോദീസാ മുക്കുമ്പോൾ പുരുഷന്മാരെയും ത്രോണോസിൽ മുത്തിക്കാറില്ല. അവരെ മുത്തിക്കുന്നു എങ്കിൽ മാമോദീസാ ഏററ സ്ത്രീകളെയും മുത്തിക്കാം. മദ്ബഹായിൽ സ്ത്രീകൾ പ്രവേശിച്ചുകൂടാ എന്നു നിയമമുണ്ടെങ്കിൽ മഠങ്ങളിലെ ചാപ്പലുകളിലെ മദ്ബഹായിൽ കന്യാസ്ത്രീകൾ ത്രോണോസ് അലങ്കരിക്കുകയും തിരികത്തിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്. സിറിയൻ സഭയിൽ ശെമ്മാശിനിമാരെ പട്ടംകൊടുക്കുന്ന ക്രമം ഇപ്പോഴും ഉണ്ട്. ദൈവമാതാവ് പുത്രൻ തമ്പുരാനെ ഉൾക്കൊണ്ട ബലിപീഠമായിരുന്നു. സ്ത്രീ ആയതുകൊണ്ട് പതിത്വം ഉണ്ടെന്ന പഴയനിയമ ആശയം വി. പൗലോസ് പോലും തിരുത്തി. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേററിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ' (ഗലാ. 3:27 f). ആണും പെണ്ണും സമമാണെന്നു വാക്യമില്ല; ക്രിസ്തുവിൽ ഒന്നാണെന്നാണ് വാക്യം, സമത്വം ഏററക്കുറച്ചിലുള്ളിടത്താണ്. പൂർണ്ണത പുരുഷനും, സ്ത്രീക്കും കുട്ടിക്കും ഉള്ളതിൽ ഒരു കുടുംബത്തിൽ താരതമ്യപ്പെടുത്തലില്ല. കുടുംബം ക്രിസ്തുവിൽ പൂർണ്ണമാണ്. സ്ത്രീയും പുരുഷനും രണ്ടാണെങ്കിലു ഒന്നാണ്.

3) ഓർത്തഡോക്സ് സഭകളെപ്പോലെ എല്ലാ കാര്യങ്ങളിലും നാം അല്ല എന്നും മുമ്പു സൂചിപ്പിച്ചല്ലോ. റോമൻ കത്തോലിക്കരിൽ നിന്നും പ്രൊട്ടസ്ററാൻറിസത്തിൽ നിന്നും ഓർത്തഡോക്സിയിൽ നിന്നും നന്മ ഉൾക്കൊണ്ടുകൊണ്ടുള്ള സഭകളുടെ ഐക്യമാണ് നാം വിഭാവനം ചെയ്യുന്നത്. നമ്മുടെ സഭയിൽ ഇതു മൂന്നും ഉൾക്കൊള്ളുവാൻ അവസരം ലഭിച്ചതുകൊണ്ടാണ് ലോകസഭകൾ നമ്മെ ബഹുമാനിക്കുന്നത്. മാമോദീസാ ഏററ പെൺകുട്ടികളെ ബലിപീഠത്തിൽ മുത്തിക്കുന്ന കാര്യത്തിൽ റഷ്യൻ സഭയും അചിരേണ നമ്മെ പിൻപററുമെന്നുതന്നെയാണ് ഈ ലേഖകന്റെ പ്രതീക്ഷ. Paul Tillich wanted a union of Catholic substance and Protestant principle. My feeling is that Orthodox either will include both these and much more. Orthodoxy is the whole truth of the whole church. ഇങ്ങനെയുള്ള ചെറിയ കാര്യങ്ങൾക്ക് എക്യുമനി

കടലത്ത് അവിടെ വച്ച് അലക്സിയോസ് ശെമ്മാശ്ശൻ ഫാ: പി. റ്റി. ഗീവറുഗീസുമായി കൂടുതൽ (കാലം ചെയ്ത ആർച്ചു ബിഷപ്പ് മാർ ഇവാനിയോസ്) പരിചയപ്പെടുകയും സഭയിലെ ആദ്ധ്യാത്മീക ഉണർവ് ലക്ഷ്യമാക്കി ആശ്രമപ്രസ്ഥാനത്തിന് രൂപം നൽകുകയും ചെയ്തു. ബഥനി ആശ്രമം സ്ഥാപിക്കുന്നതിന് ഇലഞ്ഞിക്കൽ പരേതനായ ജോൺ വക്കീൽ റാന്നി പെരുനാട്ടിൽ നൽകിയ 'മുണ്ടൻ മലയിൽ' അലക്സിയോസ് ശെമ്മാശ്ശനാണ് ആദ്യമായി ചെന്ന് താമസ്സിച്ചതും ആശ്രമവും ആരാധനാസ്ഥലവും നിർമ്മിക്കുന്നതിന് നേതൃത്വം നല്കിയതും.

1918–ൽ പരുമല സെമിനാരിയിൽ വച്ച് യൂയാക്കീം മാർ ഇവാനിയോസ് അലക്സിയോസ് ശെമ്മാശ്ശനു കാശ്ശീശാ പട്ടം നൽകി. കരുണ രസം വഴിഞ്ഞൊഴുകുന്ന മുഖത്തോടും നിഷ്കളങ്കമായ പുഞ്ചിരിയോടുംകൂടി ആ കാഷായ വേഷം ധരിച്ച പുരോഹിതൻ സഭാമക്കളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നും ഓക്സ്ഫോർഡ് മൂവുമെൻറിന്റെ ശത വാർഷീകത്തിൽ സംബന്ധിക്കുവാൻ ഇംഗ്ലണ്ടിൽ പോയതും, കാലം ചെയ്ത പ: ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായോടൊപ്പം എഡിൻബറോയിലെ ഫെയിത്ത് ആൻഡ് ഓഡർ സമ്മേളനത്തിൽ സംബന്ധിച്ചതും, ഇംഗ്ളണ്ടിലെ മെർഫീൽഡിൽ ഉപരി പഠനത്തിനു പോയതും, വിശുദ്ധ നാടുകൾ സന്ദർശിച്ചതും, ആ ജീവിതത്തിലെ പ്രധാന സംഭവങ്ങളിൽ ചിലതു മാത്രമാണ്.

1938 ഏപ്രിൽ 7–ാം തീയതി ഫാ. അലക്സിയോസിനെ മുളന്തുരുത്തി കർമ്മേൽ ദയറായിൽ വച്ച്, കാലം ചെയ്ത പ: ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ മാർ തേവോദോസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു.

പ്രശസ്തി ഒട്ടും ആഗ്രഹിക്കാതിരുന്ന അദ്ദേഹം ലളിതമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു. വേഷത്തിലും, സംസാരത്തിലും, പെരുമാററത്തിലും, പ്രവർത്തനങ്ങളിലുമെല്ലാം ഇതു വ്യക്തമായി തെളിഞ്ഞുനിന്നിരുന്നു.

അദ്ദേഹത്തിന്റെ ആർഭാടരഹിതവും കാര്യമാത്ര പ്രസക്തവുമായ പ്രസംഗങ്ങൾ ആരെയും ആകർഷിക്കുന്നതായിരുന്നു.

മലങ്കര സഭയെ ലോകക്രൈസ്തവ സഭകളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ആദ്യകാല പിതാക്കന്മാരിൽ ഒരാളത്രെ മാർ തേവോദോസ്യോസ്.

'ഭിന്ന വകുപ്പുകാരായ സുറിയാനി ക്രിസ്ത്യാനികളുടെ പുനരൈക്യം സാദ്ധ്യമാക്കിത്തീർക്കണമെ' മാർ തേവോദോസ്യോസ് എഴുതി പ്രസിദ്ധീകരിച്ച മദ്ധ്യസ്ഥ പ്രാർത്ഥനയിലെ ഒരു വാചകമാണിത്. എസ്. സി. എം. ന്റെ പ്രവർത്തനങ്ങളിലും അതീവ തല്പരനായിരുന്ന അദ്ദേഹം എക്യൂമെനിസത്തിന്റെ ഒരു വക്താവും കൂടിയായിരുന്നു. വേൾഡ് ക്രിസ്ത്യൻ കൗൺസിലിന്റെ കമ്മററിയംഗമായി ആറു വർഷം അദ്ദേഹം സേവനം അനുഷ്ഠിച്ചു.

തപോനിഷ്ഠാധിഷ്ഠിതമായ പ്രാർത്ഥന, ലളിതസുന്ദരമായ ജീവിതരീതി, നിർമ്മലമായ മനസ്സാക്ഷി, ഉറച്ച ദൈവവിശ്വാസം, പൗരസ്ത്യ വേദശാസ്ത്രത്തിൽ ആഴമേറിയ അറിവ്–ഇതൊക്കെ അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. നിർമ്മലമായ സ്നേഹവും നിഷ്കളങ്കമായ ഭക്തിയും ആ ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്നു.

---

**MAR BASELIOS CHILDREN'S HOME**

**Mannapra (P.O.)**

**Palghat District, Kerala State**

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയുടെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾമൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.






കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തിമാരേ,

യേശുനാഥന്റെ പൂന്തോട്ടത്തിൽ നാം ഒന്നിച്ചുകൂടിയിട്ട് വളരെ നാളുകളായി. കുഞ്ഞിച്ചായൻ ദുഃഖിക്കുന്നു. വളരെ വളരെ ദുഃഖിക്കുന്നു.

'കുഞ്ഞനുജന്മാരേയും കുഞ്ഞനുജത്തിമാരേയും കുഞ്ഞിച്ചായൻ മറന്നുപോയോ' എന്ന് 'മലങ്കരസഭ' മാനേജിംഗ് എഡിററർ ബ. ററി. ജി. സഖറിയാസച്ചൻ ഒരു കത്തിലൂടെ എഴുതിച്ചോദിച്ചിരുന്നു. ആ ചോദ്യം കുഞ്ഞിച്ചായന്റെ ഹൃദയത്തെ ആഴമായി സ്പർശിച്ചു.

അച്ചന്റെ കത്തു വായിച്ചപ്പോൾ ആയിരമായിരം കുഞ്ഞനുജന്മാരും കുഞ്ഞനുജത്തിമാരും ഒരേ സ്വരത്തിൽ കുഞ്ഞിച്ചായനോട് ഈ ചോദ്യം ചോദിക്കുന്നതുപോലെ തോന്നി.

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തിമാരേ ഒരിക്കലും ഒരിക്കലും കുഞ്ഞിച്ചായന് നിങ്ങളെ മറക്കാനാവില്ല. കുഞ്ഞനുജന്മാരോടും കുഞ്ഞനുജത്തിമാരോടും ഒത്ത് കഥ പറഞ്ഞും പാട്ടുപാടിയും യേശുനാഥന്റെ പൂന്തോട്ടത്തിൽ എന്നെന്നും കഴിയണമെന്നാണ് കുഞ്ഞിച്ചായന്റെ ആഗ്രഹം. കുഞ്ഞിച്ചായന്റെ ഏററവും വലിയ ആനന്ദവും അതുതന്നെ.

യേശുനാഥന്റെ പൂന്തോട്ടത്തിൽ എണ്ണിക്കൂടനാവാത്തവിധം പൂച്ചെടികളുണ്ടെന്ന് കുഞ്ഞിച്ചായൻ പണ്ടു പറഞ്ഞിട്ടുള്ളത് നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? പലനിറത്തിലും തരത്തിലുമുള്ള പൂക്കൾ ആ പൂന്തോട്ടത്തിനു സ്വർഗ്ഗഭംഗി നൽകുന്നു. മഞ്ഞ, ചുവപ്പ്, വെളുപ്പ് ഇങ്ങനെ എല്ലാം തരത്തിലുള്ള പൂക്കളാണ് അവിടെയുള്ളത്. എല്ലാ പൂക്കളെയും യേശുനാഥൻ സ്നേഹിക്കുന്നു. നിറം കുറഞ്ഞ പൂവിനെയും നിറപ്പകിട്ടുള്ള പൂവിനെയും ഒരുപോലെ ഓമനിക്കുന്നു.

കറുത്ത നീഗ്രോബാലനും മഞ്ഞച്ച മംഗോളിയൻ ശിശുവും വെളുത്ത യൂറോപ്യൻ കുട്ടിയും യേശുനാഥന്റെ പൂന്തോട്ടത്തിലെ ഓമനപ്പൂക്കളാണ്. വെളുത്ത നിറമുള്ളതുകൊണ്ട് യൂറോപ്യന്മാർ കറുത്ത നിറമുള്ള ആഫ്രിക്കക്കാരെക്കാൾ

---

കുഞ്ഞനുജൻമാരേ....
കുഞ്ഞനുജത്തിമാരേ....

യേശുനാഥന്റെ പൂന്തോട്ടത്തിലേക്ക് വീണ്ടും കുഞ്ഞിച്ചായൻ കടന്നുവരുന്നു. അടുത്ത ലക്കം മുതൽ കുഞ്ഞിച്ചായന്റെ കത്തുകളും കഥകളും പ്രതീക്ഷിക്കുക.

പത്രാധിപർ.

---

1965 ആഗസ്ററ് മാസം 6–ാം തീയതി വെള്ളിയാഴ്ച കൂടാരപ്പെരുന്നാൾ ദിവസം–വിശുദ്ധ കുർബാനയിൽ പരിശുദ്ധന്മാരോടുകൂടി സംസർഗ്ഗം ചെയ്യുന്ന ആ സമയം,– ആ പുണ്യപിതാവ് ഈ ലോകത്തോട് യാത്ര പറഞ്ഞു.

ഭാരതത്തിലുടനീളവും, പൗരസ്ത്യപാശ്ചാത്യ രാജ്യങ്ങളിലും സഭയുടെ സന്ദേശവുമായി സഞ്ചരിച്ച–ആ യതിവര്യൻ, സന്യാസ ജീവിതത്താൽ അനേകരെ ആകർഷിച്ച ആ നല്ല ഇടയൻ, ക്രൈസ്തവസ്നേഹത്തിന്റെ മഹത്തായ സന്ദേശം വിളംബരം ചെയ്തുകൊണ്ടിരുന്ന ആ മനുഷ്യസ്നേഹി നിത്യസ്മരണാർഹനത്രെ.

–൦–

ശ്രേഷ്ഠരാണെന്ന് ചിലർ ചിന്തിക്കുന്നു. ഈ ചിന്ത ക്രിസ്തീയമല്ല. ക്രിസ്തുനാഥന്റെ മുമ്പിൽ എല്ലാ മനുഷ്യരും സമന്മാരാണെന്ന സത്യം ഒരിക്കലും മറക്കരുതേ. ഇളംപ്രായം മുതൽതന്നെ സമഭാവന വളർത്തിയെടുക്കാൻ നാം ശ്രദ്ധിക്കണം.

രാജകുമാരനെയും പ്രഭുകുമാരനെയും സ്നേഹിക്കുന്നതുപോലെ യാചകപുത്രനെയും യേശുനാഥൻ സ്നേഹിക്കുന്നു. യേശുനാഥന്റെ ഉത്തമശിഷ്യന്മാർ തങ്ങളുടെ ഗുരുവിന്റെ വാക്കുകൾ അനുസരിക്കുന്നു. അദ്ദേഹത്തിന്റെ കാൽച്ചുവടുകളെ പിൻതുടരുന്നു. അവരുടെ കണ്ണുകളിൽ ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും എല്ലാം ഒരുപോലെയാണ്. താണജാതി, ഉയർന്ന ജാതി ഇതെല്ലാം മനുഷ്യസങ്കല്പനങ്ങളാണ്. ദൈവം മനുഷ്യരെയെല്ലാം തന്റെ മക്കളായി കാണുന്നു. എന്നാൽ സ്നേഹശൂന്യരായ മനുഷ്യർ മതിലുകളും വേലികളും കൊണ്ട് സഹോദരങ്ങളെ അകററിനിറുത്തുന്നു.

പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയും സ്ലീബാദാസസമൂഹ സ്ഥാപകൻ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും ഉത്തമ ക്രിസ്തുശിഷ്യന്മാർ ആയിരുന്നു. പുലയർ, പറയർ ഇങ്ങനെ നാം താണജാതിക്കാരായി കരുതിയിരുന്നവരെ വിശുദ്ധസഭയിൽ അംഗങ്ങളാക്കാൻ അവർ ഹൃദയപൂർവ്വം ശ്രമിച്ചു. പലരും മാമോദീസാ മുങ്ങി സഭയിൽ അംഗങ്ങളായി.

ഇനി ഒരു കൊച്ചു കഥ പറയാം. ഒരു ഉത്തമ ക്രിസ്തുഭക്തന്റെ കഥ. ഇ. എഫ്. പേററൺ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. സ്കോട്ട്ലണ്ടിലെ ഒരു ധനിക കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ജോൺ, അലക്സാണ്ടർ എന്ന രണ്ടു ജ്യേഷ്ഠസഹോദരന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. പിതാവ് ഒരു വലിയ ബിസിനസ്കാരനായിരുന്നതുകൊണ്ട് കൂടുതൽ സമയം കുട്ടികളോടൊത്തു ചെലവഴിക്കാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. മാതാവ് ഉത്തമ ക്രിസ്തുഭക്ത ആയിരുന്നു. കുട്ടികൾക്ക് ക്രിസ്തീയജീവിത പരിശീലനം നൽകുന്നതിൽ അവർ വളരെ ശ്രദ്ധിച്ചു. കുട്ടിക്കാലം മുതലേ ദൈവസ്നേഹം പേററന്റെ ഹൃദയത്തിൽ തളിരിട്ടുനിന്നിരുന്നു.

ഒരിക്കൽ മാതാപിതാക്കളോടും സഹോദരങ്ങളോടും ഒത്ത് അമേരിക്കൻ ഐക്യനാടുകളും കാനഡായും സന്ദർശിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു.

സഞ്ചാരപ്രിയനും സൗന്ദര്യാരാധകനും ആയ അദ്ദേഹത്തിന് ആയാത്ര ആനന്ദകരമായ ഒരു അനുഭവം ആയിരുന്നു. നയാഗ്രാ വെള്ളച്ചാട്ടം, ലോറൻസ് നദി, റോക്കി പർവ്വതനിര ഇതെല്ലാം ആ സൗന്ദര്യാരാധകനെ അത്യധികം ആനന്ദിപ്പിച്ചു. പക്ഷെ ക്രിസ്തുഭക്തനായ അദ്ദേഹത്തിന്റെ ഹൃദയത്തെ ആഴമായി സ്പർശിച്ച ഒരു സംഭവം ഈ യാത്രയിലുണ്ടായി.

വാഷിംഗ്ടണിലെ ഒരു ദേവാലയത്തിൽ ഒരു ഞായറാഴ്ച അവർ ആരാധനയിൽ സംബന്ധിച്ചു. മനോഹരമായ ഒരു ദേവാലയം ആയിരുന്നു അത്. വെള്ളക്കാർ മാത്രമെ ആരാധനയിൽ സംബന്ധിച്ചിരുന്നുള്ളു. വാഷിംഗ്ടണിൽ കറുത്ത വർഗ്ഗക്കാരായ ധാരാളം ക്രിസ്ത്യാനികൾ ഉണ്ടായിരുന്നെങ്കിലും അവരിലാരുംതന്നെ ആരാധനയിൽ സംബന്ധിച്ചിരുന്നില്ല. ആരാധന കഴിഞ്ഞു മടങ്ങിവന്നപ്പോൾ കറുത്ത വർഗ്ഗത്തിൽപ്പെട്ട തങ്ങളുടെ വേലക്കാരനോട് അവർ ഇതേക്കുറിച്ച് ആരാഞ്ഞു.

'ഞങ്ങൾ ക്രിസ്ത്യാനികൾ തന്നെയാണ്. പക്ഷെ ഞങ്ങൾക്ക് വേറെ പള്ളിയാണുള്ളത്' എന്നായിരുന്നു അവന്റെ മറുപടി.

'എന്നാൽ ഇന്നു വൈകിട്ട് നിങ്ങളുടെ പള്ളിയിൽ വരുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു' എന്ന് പേററന്റെ അമ്മ വേലക്കാരനോടു പറഞ്ഞു. ഒരു വെള്ളക്കാരി ഇങ്ങനെ പറഞ്ഞപ്പോൾ ആ കാപ്പിരിക്ക് വളരെ അത്ഭുതം ഉണ്ടായി. അന്നു വൈകിട്ട് ആരാധനയിൽ സംബന്ധിക്കുന്നതിന് വേലക്കാരനോടൊത്ത് അവന്റെ ദേവാലയത്തിൽ പേററനും കുടുംബാംഗങ്ങളും പോയി.

വിശാലമായ ഒരു ദേവാലയം ആയിരുന്നു അത്. പക്ഷെ ആഡംബരങ്ങൾ ഒന്നും ഇല്ലായിരുന്നു. പള്ളിനിറയെ ആളുകൾ. പ്രസംഗവേദിയിലുള്ള ഒരു മുഖം ഒഴിച്ചാൽ ഒരു വെള്ള മുഖം പോലും അവിടെയില്ലായിരുന്നു. ആ കറുത്ത മനുഷ്യർ ഒന്നിച്ചു പാടുകയും പ്രാർത്ഥിക്കയും ചെയ്തപ്പോൾ സ്വർഗ്ഗത്തിലാണു താൻ നിൽക്കുന്നതെന്ന് പേററണു തോന്നി.

സ്വർഗ്ഗീയമായ ആരാധനയിൽ അദ്ദേഹത്തിന്റെ മനസ്സ് പൂർണ്ണമായും ലയിച്ചുചേർന്നു. കരിക്കട്ടപോലെ കറുത്ത ആ മനുഷ്യരുടെ ഉള്ളിൽ വെൺപട്ടുപോലെ വെൺമയാർന്ന മനസ്സുകളാണുള്ളതെന്ന് അദ്ദേഹത്തിനു മനസ്സിലായി. കറുത്ത



# വി. പൗലോസിന്റെ സ്നേഹഗീത

## ഡോ. പുന്നൂസ് യു. പാന്നൂർ, ന്യൂഡൽഹി

സ്നേഹത്തിന്റെ അതിമഹത്തായ വിവരണമാണ് 1 കൊരി. 13-ാം അദ്ധ്യായത്തിൽ നമുക്കു ലഭിക്കുന്നത്. വിവിധ കൃപാവരങ്ങളിൽ അതിശ്രേഷ്ഠമായ വരമായി സ്നേഹത്തെ വി. പൗലോസ് വിവരിച്ചിരിക്കുന്നു. അന്യഭാഷാവരം, പ്രവചനവരം എന്നിവ ഉണ്ടായാലും വിശ്വാസത്തിന്റെ വരമുണ്ടായി വലിയ അത്ഭുതങ്ങൾ ചെയ്താലും, വലിയ ത്യാഗങ്ങൾ ചെയ്താലും സ്നേഹമില്ലെങ്കിൽ ഇവയൊന്നും പ്രയോജനപ്പെടുകയില്ലെന്ന് അപ്പോസ്തോലൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ക്രിസ്തീയസഭ ഒരു ശരീരവും, അതിലെ അംഗങ്ങൾ പരസ്പരം അവയവങ്ങളുമാകുന്നു എന്നും, എല്ലാവരും പരസ്പരം സ്നേഹത്തിലും കരുതലിലും കഴിയണമെന്നും, ഇതിനു മുമ്പുള്ള അദ്ധ്യായത്തിൽ പറയുന്നുണ്ട്. സഭയിലെ വിവിധ സ്ഥാനികൾ അവരവരുടെ സ്ഥാനത്തിന് ഉചിതമാകുംവണ്ണം പരസ്പര സ്നേഹത്തിലും സഹകരണത്തിലും വർത്തിക്കണമെന്നാണ് ഉപദേശത്തിന്റെ സാരം. ഈ പശ്ചാത്തലത്തിലാണ് സ്നേഹഗീത അവതരിപ്പിക്കുന്നത്.

---

മനസ്സും വെളുത്ത നിറവും ഉള്ള മനുഷ്യരെക്കാൾ എത്ര ശ്രേഷ്ഠരാണ് കറുത്ത നിറവും വെളുത്ത മനസ്സും ഉള്ള ഈ മനുഷ്യർ!

വെള്ളക്കാരുടെ പള്ളിയിൽ നടന്ന ആരാധനയും കറുത്ത മനുഷ്യരുടെ പള്ളിയിലെ ആരാധനയും തമ്മിൽ അദ്ദേഹം താരതമ്യപ്പെടുത്തി.

വെള്ളക്കാരുടെ പള്ളി വിശാലവും മനോഹരവും ആയിരുന്നു. വില നിശ്ചയിക്കാനാവാത്ത വിധം വിശിഷ്ടങ്ങളായിരുന്നു പള്ളിയുപകരണങ്ങൾ. വേദപുസ്തകത്തോടു ബന്ധപ്പെട്ട ചുവർച്ചിത്രങ്ങൾ കൊണ്ട് ആ പള്ളി കമനീയം ആക്കപ്പെട്ടിരുന്നു. വിശേഷ വസ്ത്രങ്ങൾ ധരിച്ച പുരോഹിതനും ഗായകസംഘവും. ഇതെല്ലാം ഉണ്ടായിരുന്നിട്ടും ആ ആരാധന ശുഷ്കമായി തോന്നി. കാരണം ഹൃദയത്തിൽ നിന്നുള്ളതായിരുന്നില്ല ആ ആരാധന.

കറുത്ത മനുഷ്യരുടെ പള്ളി മനോഹരം ആയിരുന്നില്ലെങ്കിലും ആരാധന സ്വർഗ്ഗീയം ആയിരുന്നു. ഹൃദയത്തിന്റെ ഭാഷയിൽ അവർ പാടുകയും പ്രാർത്ഥിക്കയും ചെയ്തു. ആത്മാവിന്റെ സംഗീതമാണ് യഥാർത്ഥ ആരാധന.

വാഷിംഗ്ടണിലെ രണ്ടു ദേവാലയങ്ങളിൽ വച്ചു നടന്ന ആ ആരാധനകൾ പേററന്റെ മനസ്സിൽ ആഴമായി പതിഞ്ഞു. അതെക്കുറിച്ച് അദ്ദേഹം പലപ്പോഴും ചിന്തിച്ചു. പിൽക്കാലത്ത് അദ്ദേഹം എഴുതിയ 'എന്റെ ബാല്യകാല സ്മരണകൾ' എന്ന മനോഹരമായ ഗ്രന്ഥത്തിൽ അദ്ദേഹം ഈ സംഭവം വിവരിച്ചിട്ടുണ്ട്.

വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയ അദ്ദേഹം ഇന്ത്യയെ തന്റെ കർമ്മഭൂമിയായി കണ്ടെത്തി. തമിഴ്നാട്ടിൽ തിരുപത്തൂരിൽ അദ്ദേഹം ഒരു ആശ്രമവും ആശുപത്രിയും സ്ഥാപിച്ചു. സകല സുഖസൗകര്യങ്ങളുടെയും നടുവിൽ പിറന്നുവീണ അദ്ദേഹം സാധുക്കൾക്കുവേണ്ടി തന്റെ ജീവിതവും സമ്പത്തും അർപ്പിച്ചു. ഡോ. യേശുദാസനും ഡോ. രാജായും അദ്ദേഹത്തിന്റെ സഹപ്രവർത്തകർ ആയിരുന്നു.

ഇഷ്ടജനങ്ങൾ അദ്ദേഹത്തെ ചിന്നണ്ണൻ എന്ന് സ്നേഹപൂർവ്വം വിളിച്ചു. മരത്താനം ക്രൈസ്തവാശ്രമത്തിന്റെ സ്ഥാപകനും ഉത്തമ ദൈവഭക്തനും ആയ സാധു മത്തായിച്ചൻ തടാകം ക്രിസ്തുശിഷ്യാശ്രമത്തിന്റെ സ്ഥാപകനും മിഷ്യനറി വീരനും ആയ ബിഷപ്പ് പെക്കൻഹാം വാൽഷ്, ഡോ. ആർ. ആർ. കെയ്ത്താൻ ഇവരെല്ലാം ഡോ. പേററന്റെ പ്രിയ സ്നേഹിതന്മാർ ആയിരുന്നു.

സാധുജനസേവനത്തിലൂടെ ക്രിസ്തുനാഥനെ അദ്ദേഹം കണ്ടെത്തി. എളിയവനെ കൈക്കൊള്ളുക എന്നതിന്റെ അർത്ഥം യേശുനാഥനെ കൈക്കൊള്ളുക എന്നതാണെന്ന് ജീവിതംകൊണ്ട് അദ്ദേഹം തെളിയിച്ചു. കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തിമാരേ, യേശുനാഥന്റെ ഉത്തമശിഷ്യന്മാർ കാലിണരുന്ന പാതയിലൂടെ നമുക്ക് സഞ്ചരിക്കാം.

നന്മകൾ പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം കുഞ്ഞിച്ചായൻ.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



മാത്യൂസ് എബ്രഹാമും, കുടുംബവും.



ജോയിക്കുട്ടി, നാഗാലാൻഡ്. സൂസൻ തോമസ്. അച്ചോയി, ഗ്രേസിക്കുട്ടി, കിളിയന്തറ.



പി. ഒ. സഖറിയാ, വാകത്താനം. വർഗീസ് ചാക്കോ.



(6–ാം പേജിൽനിന്നും തുടർച്ച)

## ധ്യാനപംക്തി

ലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും, ഞാൻ അവർക്കു ദൈവമായും, അവർ എനിക്കു ജനമായും ഇരിക്കുമെന്ന് യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ ആരും; തന്റെ കൂട്ടുകാരനെയും, തന്റെ സഹോദരനെയും യഹോവയെ അറികയെന്ന് ഉപദേശിക്കയില്ല. അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും. ഞാൻ അവരുടെ അകൃത്യം മോചിക്കും അവരുടെ പാപം ഇനി ഓർക്കുകയുമില്ല' (യിരെ. 31:31–34)

ഈ ഉടമ്പടി കാൽവരിയിൽ നിവർത്തിയായി. 'ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള (ഉടമ്പടി) എന്റെ രക്ത'മെന്ന് (വി. മത്താ. 26: 28) താൻ പറഞ്ഞു. ഓരോ വിശ്വാസിയിലും ഹൃദയപരിവർത്തനമുണ്ടാകുമ്പോൾ, ന്യായപ്രമാണം ഉള്ളിലാക്കി ഹൃദയങ്ങളിൽ എഴുതുന്ന അനുഭവം ഉണ്ടാകും. എനിക്കുവേണ്ടിയാണ് കർത്താവ് മരിച്ചതെന്ന ബോദ്ധ്യം വരുമ്പോൾ കർത്താവിനുവേണ്ടി ജീവിക്കണമെന്ന ചിന്തയുണ്ടാകും. 'എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നത്താൻ ഏൽപിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ഞാൻ ജീവിക്കുന്നത്.' (ഗലാ 2;20) എന്ന് വി. പൗലോസ് പറഞ്ഞ മനസ്ഥിതി നമുക്കും ഉണ്ടാകണം.

നമ്മുടെ കർത്താവിന് നമ്മുടെ പാപത്തെക്കുറിച്ച് എത്രമാത്രം വേദനയുണ്ടെന്നറിയുമ്പോഴാണ് തന്നോടുള്ള നമ്മുടെ സ്നേഹം എത്ര ആഴമാണെന്നറിയുന്നതും, നമ്മുടെ പാപത്തെക്കുറിച്ചുള്ള ദുഃഖം വർദ്ധിക്കുന്നതും. അന്യർക്ക് എന്തെങ്കിലും ആപത്തു വന്നാൽ നമുക്കു വലിയ ദുഃഖമുണ്ടാകുന്നില്ല. എന്നാൽ സ്വന്തം കുഞ്ഞിന് എന്തെങ്കിലും ഭവിച്ചാൽ തീരാത്ത ദുഃഖം മാതാപിതാക്കന്മാർക്ക് ഉണ്ടാകുന്നു. കാരണം കുഞ്ഞിനോടുള്ള സ്നേഹം അത്രമാത്രം ആഴമാണ്. അങ്ങനെയെങ്കിൽ പരിപൂർണ്ണസ്നേഹം കൊണ്ട് നിറഞ്ഞ കർത്താവിന്, നാം ഓരോരുത്തരുടേയും പാപത്തെക്കുറിച്ച് എത്രമാത്രം വേദനയുണ്ടായിരിക്കണം! എന്തുവന്നാലും ഇനി എന്റെ കർത്താവിനെ വേദനിപ്പിക്കയില്ലെന്ന പ്രതിജ്ഞ, അഥവാ ഉടമ്പടിയാണ് നമ്മിൽ ഉണ്ടാകേണ്ടത്. മരിക്കൽ ആരേയും വകവയ്ക്കാത്ത ഒരാൾ, സ്വന്തം പിതാവിനോട് വളരെ കർക്കശമായി സംസാരിക്കാനിടയായി. അന്നു രാത്രിയിൽ മകൻ ഒരു ഉറക്കം കഴിഞ്ഞ് ഉണർന്നപ്പോൾ ആരോ ഏങ്ങലടിച്ച് കരയുന്നതായി കേട്ടു. ശ്രദ്ധിച്ചപ്പോൾ പിതാവാണെന്ന് മനസ്സിലായി. മകനുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയായിരുന്നു അത്. ഉടനെ അവൻ അപ്പനെ കെട്ടിപ്പിടിച്ച് മേലാൽ അങ്ങനെ വരികയില്ലെന്ന് സത്യം ചെയ്തു.

ഈ മനോഭാവത്തോടെയാണ് വി. മാമോദീസായിൽ ഉടമ്പടി ചെയ്യേണ്ടത്. സാത്താനെ ഉപേക്ഷിക്കുന്നു എന്നും, മിശിഹാതമ്പുരാനിലും തന്റെ ഉപദേശത്തിലും ചേർന്നു വിശ്വസിക്കുന്നു എന്നും ഉള്ള ഉടമ്പടിയാണല്ലോ, വി. മാമോദീസായിൽ കാണുന്നത്. ശിശുക്കൾക്കുവേണ്ടി തലതൊടുന്ന ആൾ ഈ പ്രതിജ്ഞ ചെയ്യുന്നു. ശിശുക്കൾ പ്രായമായി വി. കുമ്പസാരം നടത്തുമ്പോൾ ഈ ഉടമ്പടിയെ സ്വന്തം ഉത്തരവാദിത്വത്തിൽ പുതുക്കുകയും ചെയ്യുന്നു. ഈ അനുഭവം നമ്മുക്കു കുമ്പസാരത്തിൽ ഉണ്ടാകേണ്ടതാണ്. വി. കുമ്പസാരം കഴിഞ്ഞ പാപങ്ങളിൽനിന്ന് മോചനം പ്രാപിക്കുന്ന അവസരം മാത്രമല്ല. മേലാൽ പാപം ചെയ്കയില്ലെന്നും, കർത്താവിന്റെ പൈതലായി ജീവിച്ചുകൊള്ളാമെന്നും പ്രതിജ്ഞ ചെയ്യുന്ന അവസരവുമാണ്. വി. കുർബാനയിൽ പുതിയ ഉടമ്പടിയുടെ രക്തം കുടിക്കുമ്പോൾ, ആ ഉടമ്പടി നാം ഒന്നുകൂടി ഉറപ്പിക്കുന്നു. രക്തം ചിന്തേണ്ടിവന്നാലും ഇനി പാപം ചെയ്കയില്ലെന്ന് പറയുന്ന മാനസാന്തരം നമുക്കു ഉണ്ടായിട്ടുണ്ടോ? നാം ഉമ്പടിയുടെ മക്കളോ?

### പ്രാർത്ഥന

ഇസ്രായേല്യരെ മിസ്രയീമിലെ അടിമത്വത്തിൽ നിന്നും ചെങ്കടലിൽ വച്ചുണ്ടാകുമായിരുന്ന ആപത്തിൽ നിന്നും രക്ഷിച്ച്, അവരെ ഒരു ഉടമ്പടിയിലേക്കു പ്രവേശിപ്പിച്ച കർത്താവേ, നിങ്ങളെ പാപത്തിൽനിന്ന് രക്ഷിക്കുവാനായി, സ്വന്ത രക്തത്തെ ചിന്തി. അത് പുതിയ ഉടമ്പടിയുടെ രക്തമാണെന്ന് നീ പറഞ്ഞു. ആ പുതിയ ഉടമ്പടിയിലേക്ക് വി. മാമോദീസായിലെ പ്രതിജ്ഞയിൽകൂടി ഞങ്ങൾ പ്രവേശിക്കുന്നു. 'ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട്'' എന്നുപറയത്തക്കവണ്ണം ലോകാരംഭം മുതൽ മനുഷ്യരുടെ പാപങ്ങൾ നിമിത്തം നീ വേദനപ്പെടുന്നു കർത്താവേ, നിന്റെ സ്നേഹത്തിന്റെയും ഞങ്ങളെപ്രതിയുള്ള നിന്റെ ഹൃദയവേദന

യുടേയും ആഴത്തെ ഗ്രഹിച്ച്, മാനസാന്തരപ്പെടുവാൻ ഞങ്ങൾക്ക് സംഗതിയാക്കണമേ. രക്തം ചിന്തേണ്ടിവന്നാൽ പോലും ഇനി ഒരു പാപവും ചെയ്കയില്ലെന്നും, എന്തു കഷ്ടത സഹിക്കേണ്ടിവന്നാലും, നന്മ ചെയ്യുന്നതിൽനിന്ന് പിന്മാറുകയില്ലെന്നുമുള്ള ഒരു ഉറച്ച പ്രതിജ്ഞ എടുക്കുന്നതിന് ഞങ്ങളെ ശക്തരാക്കേണമേ.

### ഗീതം

(അൻപിൻ രൂപി യേശുനാഥ

1 എൻഹൃദയത്തെ നീ എടുത്ത്
നിത്യം എന്നിൽ വസിച്ചീടേണം
എൻ സ്വന്തം യേശുവേ നീ താൻ
നിൻ സ്വന്തം ഞാനിന്നുമെന്നും
അൻപിൻരൂപി,.......

2 ജീവനോ മരണമതോ
ഏതായാലും, സമ്മതം താൻ
കുശവൻകയ്യിൽ കളിമൺപോൽ
ഗുരുവേ, എന്നെ നൽകിടുന്നേ
അൻപിൻരൂപി........

3 രോഗം നാശം നിന്ദ ദുഷി
വേറെ എന്തുവന്നാലും
വാഴും യേശുപാദത്തിൽ ഞാൻ
മുത്തം ചെയ്യും അവന്റെ പാദം
അൻപിൻരൂപി.......

—ം

# എത്യോപ്യൻ സഭയ്ക്ക് പുതിയ പാത്രിയർക്കീസ്

കെ. ജെ. വറുഗീസ്, ഓർത്തഡോക്സ് സെമ്മിനാരി

(എത്യോപ്യൻ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിൽ സംബന്ധിച്ച ഡൽഹി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ റിപ്പോർട്ടിനെ ആസ്പദമാക്കി തയ്യാറാക്കിയ ലേഖനം.... പ.)

1983 സെപ്തംബർ 4, അണിഞ്ഞൊരുങ്ങിയ ആസിഡ് അബ്ബായിലെ ഹോളി ട്രിനിററി കത്തീഡ്രലിൽ വച്ച് സ്വർഗീയ ആരാധനയുടെ ധന്യമുഹൂർത്തത്തിൽ എത്യോപ്യൻ പാത്രിയർക്കീസായി അബൂനാ മെർക്കുറിയോസ് വാഴിക്കപ്പെട്ടു. എത്യോപ്യൻ സഭയുടെ നാലാമത്തെ പാത്രിയർക്കീസാണ് ആബൂനാ മെർകുറിയോസ്.

ഒരു വശത്ത് എത്യോപ്യൻ ഗവൺമെൻറുമായും മറുവശത്ത് കോപ്റ്റിക് ഓർത്തഡോക്സ് സഭയുമായും ഉണ്ടാക്കിയ ഉടമ്പടിയിലൂടെയാണ് എത്യോപ്യൻ ഓർത്തഡോക്സ് പേട്രിയാർക്കേററ് സ്ഥാപിതമായത്. അലക്സാന്ത്രിയായിൽ നിന്നും അയച്ചിരുന്ന ഒരു കോപ്റ്റിക്ക് ബിഷപ്പായിരുന്നു ഈ ഉടമ്പടി രൂപം പ്രാപിക്കുന്നതിന് മുമ്പ് എത്യോപ്യൻ സഭയെ ഭരിച്ചിരുന്നത്. ഒരു എത്യോപ്യാക്കാരൻ എത്യോപ്യൻ സഭയുടെ ബിഷപ്പായി അവരോധിക്കപ്പെടുക എന്നത് നിഖ്യായിലേതെന്ന് പറഞ്ഞു പരസ്യപ്പെടുത്തിയ ചില കാനോനുകളിൽ ഇരുപതാം നൂററാണ്ടുവരേയും നിരോധിക്കപ്പെട്ടിരുന്നു. കോപ്റ്റിക്കാർ എത്യോപ്യൻ സന്യാസിമാരിൽ നിന്നും പണ്ഡിതന്മാരിൽ നിന്നും ആയി നാല് ബിഷപ്പുമാരെ അവരോധിച്ച് എത്യോപ്യൻ സഭയ്ക്ക് നൽകിയത് 1930–ൽ മാത്രമാണ്. ഈ നാല് ബിഷപ്പുമാരിൽ ഒരാളായ ആബൂന ബസ്സേലിയോസിനെ എത്യോപ്യൻ ആർച്ചുബിഷപ്പായി ഉയർത്തുന്നതിന് 1951–ൽ കോപ്റ്റിക്കുകാർ സമ്മതിക്കുകയും 1959–ൽ ഇദ്ദേഹത്തെ എത്യോപ്യൻ പാത്രിയർക്കീസ് എന്ന പദവിയിലേക്ക് ഉയർത്തുകയും ചെയ്തു. അലക്സാന്ത്രിയായിലെ ഓർത്തഡോക്സ് സഭയുടെ കോപ്റ്റിക് പോപ്പായിരുന്നു ഈ സ്ഥാനാരോഹണ ചടങ്ങിന് മുഖ്യകാർമ്മികത്വം വഹിച്ചത്.

ആബൂനാ ബസ്സേലിയോസ് കാലം ചെയ്തപ്പോൾ ആബൂനാ തേയോഫിലോസ് പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. എന്നാൽ 1974–ലെ വിപ്ളവകാലത്ത് ആബൂനാ തേയോഫിലോസ് പാത്രിയർക്കീസ് അറസ്ററു ചെയ്യപ്പെടുകയും ചില ആനുകൂല്യങ്ങളോടു കൂടി ജൂബിലി കൊട്ടാരത്തിൽ തടവിലാക്കപ്പെടുകയും ചെയ്തു. തടവിൽ ആക്കപ്പെട്ടു എങ്കിലും അടുത്തുള്ള സെ. സ്ററീഫൻസ് ദേവാലയത്തിൽ പോകുവാനുള്ള സ്വാതന്ത്ര്യവും അദ്ദേഹത്തിന് നൽകിയിരുന്നു. എന്നാൽ ഈ സ്വാതന്ത്ര്യം



അദ്ദേഹം ദുരുപയോഗപ്പെടുത്തി. ദേവാലയത്തിൽ നിന്ന് രക്ഷപെടുവാൻ നടത്തിയ ശ്രമം പരാജയപ്പെടുകയും തൽക്ഷണം വീണ്ടും അറസ്ററു ചെയ്യപ്പെടുകയും ചെയ്തു. അതേതുടർന്ന് അതികഠിനമായ കാരാഗൃഹവാസം അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നു. വളരെ അധികം സങ്കീർണ്ണമായ ഒരു കാലഘട്ടമായിരുന്നു അത്.

തേയോഫിലോസ് പാത്രിയർക്കീസിനെ അധികാര സ്ഥാനത്ത് നിന്ന് നീക്കാതെതന്നെ ആബൂനാ തെക്ലെ ഹായിമാനോട്ടിനെ അദ്ദേഹത്തിന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു. ഈ സന്ദർഭത്തിൽ ആബൂനാ തേയോഫിലോസ് അപ്പോഴും ജീവിച്ചിരിക്കുന്നതിനാലും അദ്ദേഹത്തെ ഔദ്യോഗികമായി സ്ഥാനഭ്രഷ്ടനാക്കിയിട്ടില്ലാത്തതിനാലും കോപ്റ്റിക്കാർ ഈ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവും അംഗീകരിച്ചില്ല. കോപ്റ്റിക്ക്കാരുടെ ഈ പ്രതികരണത്തിന് ശേഷം കൂടിയ എത്യോപ്യൻ സിനഡ് ഈ തെററ് തിരുത്തുകയും, പാത്രിയർക്കീസ് ആബൂനാ തേയോഫിലോസിനെ സ്ഥാനഭ്രഷ്ടനാക്കുവാനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തു. തെരഞ്ഞെടുപ്പിനും സ്ഥാനാരോഹണത്തിനും ശേഷം എടുത്ത ഈ തീരുമാനം നിയമാനുസൃതമല്ല എന്ന് ആരോപിച്ചുകൊണ്ട് അലക്സാൻഡ്രിയായിലെ പോപ്പ് ഷിനൂഡാ എത്യോപ്യൻ സഭയുമായി ഉണ്ടായിരുന്ന എല്ലാ ബന്ധങ്ങളും വിഛേദിച്ചു. അപ്രകാരം തന്നെ കോപ്റ്റിക് സഭയും എത്യോപ്യൻ സഭയുമായി ഉണ്ടായിരുന്ന മൈത്രിബന്ധങ്ങളും വിഛേദിച്ചു. കോപ്റ്റിക് സഭയും എത്യോപ്യൻ സഭയുമായി ഉണ്ടായിരുന്ന ബന്ധം തുടരുവാൻ അദ്ദേഹം വിമുഖത കാണിച്ചു. കോപ്റ്റിക്കുകാർ ആബൂനാ മെർ കുറിയോസിന്റെ സ്ഥാനാരോഹണ ചടങ്ങിൽ ഔദ്യോഗിക പ്രതിനിധികളെ ആരെയും അയച്ചില്ല എന്നു മാത്രവുമല്ല 1988 ജൂൺ ആദ്യ ആഴ്ചയിൽ ആബൂനാ തെക്ലെ ഹായിമാനോട്ട് കാലം ചെയ്തു എന്ന വാർത്ത അറിഞ്ഞിട്ടും യാതൊരു പ്രതികരണവും നടത്തിയുമില്ല. ദമസ്ക്കോസിലെ അന്ത്യോക്യൻ സുറിയാനി പാത്രിയർക്കേററും 1988 സെപ്ററംബർ നാലിന് നടന്ന സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തില്ല.

ആബൂനാ മെർക്കുറിയോസിന് അമ്പതു വയസ് പ്രായമുണ്ട്. ഇംഗ്ളീഷോ വിദേശഭാഷകളോ അറിയില്ലെങ്കിലും എത്യോപ്യൻ സഭയിൽ ഇന്ന് രൂപം പ്രാപിക്കുന്ന ഒരു ആന്തരിക നവോത്ഥാനത്തിന്റെ ശില്പിയെന്ന നിലയിൽ അദ്ദേഹം സഭയിൽ പ്രഖ്യാതനായിരുന്നു.

ആബൂനാ മെർകുറിയോസ് മുൻപ് തന്നെ ബിഷപ്പായിരുന്നതിനാൽ സുന്ത്രോണീസോ അല്ലാതെ മററ് അഭിഷേക ചടങ്ങുകളോ ആവശ്യമില്ലായിരുന്നു. ആരാധനയുടെ മദ്ധ്യഭാഗത്ത്, വചന ശുശ്രൂഷക്ക്ശേഷം നിയുക്ത പാത്രിയർക്കീസ് ഇരുന്നിരുന്ന ബീമയ്ക്ക് ചുററും എല്ലാ ബിഷപ്പുമാരും എത്തിച്ചേർന്നു. ചില ഗാനാലാപത്തിന് ശേഷം ഇന്ത്യയിൽ നിന്ന് അഭിവന്ദ്യ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും അർമീനിയായിൽ നിന്ന് ബിഷപ്പ് ഡേവിഡും ഉൾപ്പെടെ എത്തിയിരുന്ന എല്ലാ ബിഷപ്പുമാരും വിവിധ പ്രാർത്ഥനകൾ നടത്തി.

തുടർന്ന് കൂടിയ അനുമോദന സമ്മേളനത്തിൽ വായിച്ച ആദ്യത്തെ രണ്ട് അനുമോദന സന്ദേശങ്ങൾ ഇൻഡ്യയിൽ നിന്ന് പ. കാതോലിക്കാബാവാ തിരുമേനിയുടേയും, അർമീനിയൻ കാതോലിക്കോസ് വാസ്ക്കന്റെയും ആയിരുന്നു. അതേത്തുടർന്ന് ഗ്രീക്ക് ഓർത്തഡോക്സ് സഭ, റഷ്യൻ ഓർത്തഡോക്സ് സഭ, ആംഗ്ലിക്കൻ സഭ, റോമൻ കത്തോലിക്കാ സഭ, ലൂഥറൻ സഭ എന്നിവരുടേയും W. C. C. യുടേയും അനുമോദ സന്ദേശങ്ങൾ വായിച്ചു.

എത്യോപ്യൻ ഭാഷയിൽ പ്രാവീണ്യമുള്ള അഭിവന്ദ്യ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആബൂന മെർ കുറിയോസുമായി നടത്തിയ ഹൃദയം തുറന്ന സംഭാഷണത്തിൽ ഭാവിയിൽ എത്യോപ്യൻ സഭയ്ക്ക് ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും മലങ്കര സഭ സന്ദർശിക്കുന്നതിന് പ. കാതോലിക്കാ ബാവായുടെ നാമത്തിൽ അദ്ദേഹത്തെ മലങ്കര സഭയിലേക്ക് ക്ഷണിക്കുകയും ചെയ്തു.

—ം

## പരുമല പദയാത്ര

തുമ്പമൺ ഏറം സെ. ജോർജ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ. പരുമല തിരുമേനിയുടെ കബറിങ്കലേക്കുള്ള തീർത്ഥാടനം നവംബർ 1–നു രാവിലെ മാത്തൂരിൽ നിന്നു പുറപ്പെടും.

മെഴുവേലി – ചെങ്ങന്നൂർ – പാണ്ടനാടുവഴി കബറിങ്കൽ എത്തിച്ചേരും. തീർത്ഥയാത്രയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ സജി വർഗീസ്, സെക്രട്ടറി ഒ. സി. വൈ. എം. തുമ്പമൺ ഏറം, മാത്തൂർ പി. ഓ. എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്.

# വൈദിക ഡയറക്ടറി

## (സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘത്തിന്റെ ഒരു പ്രസിദ്ധീകരണം)

മലങ്കരസഭയുടെ ഒരു ആധികാരിക പ്രമാണ ഗ്രന്ഥം.

1989 മെയ്മാസത്തിൽ പരുമല വച്ചു നടക്കുന്ന വൈദികസംഘത്തിന്റെ നാലാമത് പൊതുസമ്മേളനത്തിൽ പ്രകാശനം ചെയ്യുന്നു.

മലങ്കരസഭയിലെ മെത്രാപ്പോലീത്തന്മാർ, വൈദികർ, ശെമ്മാശന്മാർ, വൈദിക വിദ്യാർത്ഥികൾ എന്നിവരുടെ ഫോട്ടോകൾ, വിവരങ്ങൾ ഇവ ഉൾക്കൊള്ളുന്നു.

പരേതരായ വൈദികരുടെ ഫോട്ടോകൾ, വിവരങ്ങൾ.

സഭയിലെ എല്ലാ ആദ്ധ്യാത്മിക സംഘടനകളെയും സംബന്ധിച്ച വിവരങ്ങൾ.

സഭാ പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ.

### ഈ സംരംഭത്തിന്റെ വിജയത്തിന് ആവശ്യമായിരിക്കുന്നത്:

എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം.

ബയോഡേറ്റാ ഫോറം, ഫോട്ടോകൾ ഇവ അയച്ചുതന്നിട്ടില്ലാത്ത വൈദികരും, (ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നവരും റിട്ടയർ ചെയ്തവരും) ശെമ്മാശ്ശൻമാരും ബയോഡേറ്റാ ഫോറം പൂരിപ്പിച്ച് പാസ്പോർട്ട് വലുപ്പത്തിലുള്ള രണ്ടു ഫോട്ടോകൾ സഹിതം അയയ്ക്കുക.

പരേതരായ വൈദികരുടെ പാസ്സ്പോർട്ടു വലുപ്പത്തിലുള്ള ഒരു ഫോട്ടോയും വിവരങ്ങളും (പേര്, കുടുംബപേര്, സ്ഥലം, ജനനമരണ തീയതികൾ വികാരിയായിരുന്ന ഇടവകകൾ) അവരുടെ ബന്ധുമിത്രാധികളോ, ഇടവകകളോ വൈദികസംഘം ജനറൽ സെക്രട്ടറിയുടെ പേർക്ക് അയയ്ക്കുക.

പള്ളികൾ, സഭാസ്ഥാപനങ്ങളായ ആശ്രമങ്ങൾ, മഠങ്ങൾ, ആശുപത്രികൾ, കോളജുകൾ, സ്കൂളുകൾ മുതലായവയുടെ ഫോട്ടോകളും, പൂർണ്ണവിവരങ്ങളും, (ലഘുചരിത്രം, ചുമതലക്കാരുടെ പേരുകൾ) നൽകുക. ഇതിന് ഫുൾ പേജിന് 1000 രൂപയും ഹാഫ് പേജിന് 500 രൂപായുമാണ് നിരക്ക്.

### എല്ലാവരുടേയും സഹായസഹകരണത്തിന്:

വൈദികസംഘത്തിന്റെ അപേക്ഷാനുസരണം അഭിവന്ദ്യ മെത്രാപ്പോലീത്തന്മാർ തങ്ങളുടെ ഭദ്രാസനത്തിലുള്ള എല്ലാ പള്ളികൾക്കും ഇതു സംബന്ധിച്ച് കല്പനകളയച്ചിട്ടുണ്ട്.

പള്ളികൾക്കും, സഭാസ്ഥാപനങ്ങൾക്കും, മാനേജിംഗ് കമ്മററി, ഗവേർണിംഗ് ബോർഡ് മുതലായവയുടെ തീരുമാനങ്ങൾ ആവശ്യമായതുകൊണ്ട് കഴിവുള്ളിടത്തോളം എല്ലാ പള്ളികളും സഭാസ്ഥാപനങ്ങളും ഈ സംരംഭത്തിൽ ചേരുന്നതിനുള്ള സൗകര്യർത്ഥം ഫോട്ടോകളും വിവരങ്ങളും തുകയും ലഭിക്കേണ്ട അവസാന തീയതി നവംബർ 2 ആയി വൈദികസംഘം സെൻട്രൽ കമ്മററി തീരുമാനിച്ചു. പരുമല പെരുന്നാളിന് വൈദികസംഘത്തിന്റെ പ്രത്യേക ഓഫീസ് ഉണ്ടായിരിക്കും. ഫോട്ടോകൾ, വിവരങ്ങൾ മുതലായവ നവംബർ 2—ന് മുമ്പായി അയയ്ക്കാൻ സാധിക്കാത്തവർ അവ പരുമലവച്ച് നൽകിയാൽ മതിയാകും.

ഫാ. ഡോ. എം. എ. മത്തായി
വൈദികസംഘം ജനറൽ സെക്രട്ടറി
ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി
പി. ബി. 98
കോട്ടയം—686001.



# സഭാ വാർത്തകൾ

## തോമസ് കുതിരവട്ടം തെരഞ്ഞെടുക്കപ്പെട്ടു

ന്യൂഡൽഹി: തിരുവനന്തപുരത്തെ ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിററ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിലേക്കു രാജ്യസഭയിൽനിന്നുള്ള പ്രതിനിധിയായി മലങ്കരസഭാ മാനേജിംഗ്കമ്മററി മെമ്പർ കൂടിയായ തോമസ് കുതിരവട്ടം എം. പി. തെരഞ്ഞെടുക്കപ്പെട്ടു.

രാജ്യസഭയുടെ സബോർഡിനേററ് ലെജിസ്ളേഷൻ കമ്മററിയിലേക്കും കുതിരവട്ടം നോമിനേററ് ചെയ്യപ്പെട്ടിട്ടുണ്ട്.

## പോൾ മത്തായി സൂപ്രണ്ടിംഗ് എൻജിനീയർ



മലങ്കര ഓർത്തഡോക്സ് സഭാ സെക്രട്ടറി കൂടിയായ എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. പോൾ മത്തായിയെ പ്രൊമോട്ടു ചെയ്ത് പൊതുമരാമത്തു വകുപ്പിലെ സൂപ്രണ്ടിംഗ് എൻജിനീയറായി നിയമിച്ചിരിക്കുന്നു.

## അനുമതി ലഭിച്ചു

ജാംനഗർ: ഗുജറാത്തിൽ സൗരാഷ്ട്രാദേശത്ത് ജാംനഗർ മാർ ഗ്രീഗോറിയോസ് പ്രൈമറി സ്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേയിഡ് ചെയ്ത് ഗുജറാത്ത് ബോർഡ് ഓഫ് എഡ്യൂക്കേഷനിൽ നിന്നും അനുമതി ലഭിച്ചിരിക്കുന്നു.

## കബറുകൾ പണിയുന്നു

കൊച്ചി മെത്രാസനത്തിന്റെ കാലം ചെയ്ത പൗലൂസ് മാർ സേവേറിയോസ്, യാക്കൂബ് മാർ പോളിക്കാർപ്പോസ് എന്നീ തിരുമേനിമാരുടെ കബറിടങ്ങൾ പണിയുന്നതിനും, ജീർണ്ണാവസ്ഥയിലിരിക്കുന്ന സെമിനാരിചാപ്പലിന്റെ പുനർനിർമ്മാണത്തിനും അഞ്ചര ലക്ഷം രൂപാ ചിലവുവരുന്ന ബഡ്ജററ് അംഗീകരിച്ച് പണികൾ ആരംഭിച്ചിരിക്കുന്നു. 1988 ഡിസംബർ 26—ാം തീയതി മാർ പോളിക്കാർപ്പോസ് തിരുമേനിയുടെ ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് പണികൾ പൂർത്തീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

കബർപണിക്കു സംഭാവന ചെയ്യുവാനാഗ്രഹിക്കുന്ന വ്യക്തികളും പള്ളികളും യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ, സീയോൻ അരമന, കൊരട്ടി എന്ന വിലാസത്തിൽ അയച്ചുകൊടുക്കണമെന്ന് സേവേറിയോസ് തിരുമേനിയുടെ കല്പനയിൽ പറയുന്നു.

## ചരമ രജതജൂബിലി: റുമേനിയൻ പാത്രിയർക്കീസ് വരുന്നു.

1989 ജനുവരി ഒന്നാം തീയതി നടത്തുന്ന പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ചരമ രജതജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനകർമ്മത്തിൽ സംബന്ധിക്കുന്നതിന് റുമേനിയൻ പാത്രിയർക്കീസ് പ. തേയോടിക്ടസ് ബാവാ എത്തുന്നതാണെന്ന വിവരം കാതോലിക്കേററ് അരമനയിൽ ലഭിച്ചിരിക്കുന്നു. പാത്രിയർക്കീസു ബാവായോടുകൂടി ഒരു പ്രതിനിധിസംഘം മലങ്കര സന്ദർശിക്കുന്നതാണ്.

കൂടാതെ രാഷ്ട്രീയ സാമുദായിക നേതാക്കളും മററ് വിദേശസഭാപ്രതിനിധികളും ഉത്ഘാടനസമ്മേളനത്തിൽ സംബന്ധിച്ച് ആശംസാ പ്രസംഗങ്ങൾ നടത്തും.

ആഘോഷപരിപാടികൾ സംബന്ധിച്ച് വിവിധ കമ്മററികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

## വൈദികയോഗം

കുന്നംകുളം ഭദ്രാസന വൈദികയോഗം ആഗസ്റ്റ് 30-ാം തീയതി പൗലൂസ് മാർ മിലിത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഭദ്രാസന ആസ്ഥാനത്തുവെച്ച് സമ്മേളിച്ചു. ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ തിരുമനസ്സിനെ ഭദ്രാസന സെക്രട്ടറി ഫാ. സി. വി. അബ്രഹാം ഹാരാർപ്പണം നടത്തി, ഫാ. മാത്യു ചെറുവത്തൂർ, ഫാ. ജോർജ് കണ്ണോത്ത്, ഫാ. സി. ഐ. ജോർജ്, ഫാ. പീററർ ചെറുവത്തൂർ എന്നിവർ പ്രസംഗിച്ചു

വൈദികസംഘം സെക്രട്ടറിയായി ഫാ. പത്രോസ് ചെമ്മണ്ണൂരിനെ യോഗം ഐക്യകണ്ഠേന തിരഞ്ഞെടുത്തു. പുണ്യശ്ലോകനായ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനും, ആർത്താററ് കുന്നംകുളം മഹാഇടവക വികാരിയും, ഭദ്രാസനത്തിന്റെ മുൻ സെക്രട്ടറിയുമായ ഫാ. പീററർ ചെറുവത്തൂരിന് കോർ എപ്പിസ്ക്കോപ്പസ്ഥാനം നൽകുന്നതിനും യോഗം ബന്ധപ്പെട്ടവരോട് അപേക്ഷിച്ചു.

ഫാ. ഗീവർഗീസ് കോർ എപ്പിസ്ക്കോപ്പ സ്വാഗതവും, ഭദ്രാസന സെക്രട്ടറി ഫാ. സി. വി. അബ്രഹാം നന്ദിയും പറഞ്ഞു.

## പ്ലാററിനം ജൂബിലി ഉദ്ഘാടനം ചെയ്തു

പഴഞ്ഞി വെസ്ററ് മങ്ങാട് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് സണ്ടേസ്കൂൾ പ്ലാററിനം ജൂബിലിയാഘോഷം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

കുന്നംകുളം ഭദ്രാസനാധിപൻ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ സ്മരണികയുടെ പ്രകാശനം പൗരസ്ത്യ കൽദായ സുറിയാനിസഭാ മേലദ്ധ്യക്ഷൻ ഡോ. മാർ അപ്രേം മെത്രാപ്പോലീത്താ നിർവഹിച്ചു. കെ. എസ്. നാരായണൻ നമ്പൂതിരി എം. എൽ. എ., പോർക്കുളം പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. സി. വി. ശ്രീരാമൻ, കൊച്ചി ഭദ്രാസന സെക്രട്ടറി ഫാ. സി. വി. എബ്രഹാം. പഴഞ്ഞി എം. ഡി. കോളജ് പ്രിൻസിപ്പൽ പ്രൊഫ. കെ. എം. കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു. ഫാദർ ഗീവർഗീസ് കൊള്ളന്നൂർ സ്വാഗതവും ജനറൽ കൺവീനർ എം. സി. വർഗീസ് നന്ദിയും പറഞ്ഞു.

## യാത്ര അയപ്പ്

ദീർഘകാലമായി ചക്കുവരയ്ക്കൽ മാർ അപ്രേം ഓർത്തഡോക്സ് പള്ളിവികാരിയായി സേവനം അനുഷ്ഠിച്ചശേഷം സ്ഥലം മാറിപോകുന്ന ഫാ. സി. അലക്സാണ്ടറിന് ഇടവകാംഗങ്ങളും നാട്ടുകാരും ചേർന്ന് യാത്ര അയപ്പു നൽകി. ഫാ. ഡി. ജേക്കബ്, മാത്യു മുതലാളി, ജി. ജോർജ്, വി. കെ. കോശി, അരവിന്ദാക്ഷൻ, ജി. മത്തായി, ഡി. ലൂക്കോസ്, ശോശാമ്മ ജോയി, ഏലിയാമ്മ എന്നിവർ പ്രസംഗിച്ചു.

## തറക്കല്ലിട്ടു

തമിഴ്നാട്ടിൽ നീലഗിരി ജില്ലയിൽ കാരക്കൊല്ലി സെ. മേരീസ് ഓർത്തഡോക്സ് കാതോലിക്കേററ് സെൻററിന് സെപ്ററംബർ 8-ാം തീയതി തോമസ് മാർ തീമോത്തിയോസ് തിരുമേനി തറക്കല്ലിട്ടു. ഭദ്രസന സെക്രട്ടറി ഫാദർ ഉമ്മൻ പുന്നൂസ് സ്വാഗതവും വികാരി ഫാ. വർഗീസ് മൺട്രാത്ത് കൃതജ്ഞതയും പറഞ്ഞു.

## ഏകദിനസമ്മേളനം

ചെങ്ങന്നൂർ ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ഏകദിന സമ്മേളനവും ബൈബിൾ ക്ലാസും ആഗസ്ററ് 23-ാം തീയതി കുരമ്പാല സെ. തോമസ് പള്ളിയിൽ മാത്യൂസ് മാർ ബർന്നബാസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തി. ഫാ. ററി. ജെ. ജോഷ്വാ ക്ലാസ്സെടുത്തു. ഫാ. ടി. ജി. ജോൺ സ്വാഗതവും ഭദ്രാസന സെക്രട്ടറി കുഞ്ഞൂഞ്ഞമ്മ മാമ്മൻ കൃതജ്ഞതയും പറഞ്ഞു.


### ബൈബിൾ സൗജന്യം

വേദപുസ്തകം വാങ്ങുന്നതിന് സാമ്പത്തികമായി വിഷമിക്കുന്ന സാധുക്കളായ ആളുകൾക്ക് സൗജന്യമായി വേദപുസ്തകം നൽകുന്ന ഒരു പദ്ധതി ഗോസ്പൽ ഫോർ കേരള ആരംഭിച്ചിരിക്കുന്നു.

യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും വീണ്ടും ജനനം പ്രാപിക്കുകയും ചെയ്ത എല്ലാവർക്കും ബൈബിൾ സൗജന്യമായി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മറുപടിക്കുള്ള സ്ററാമ്പു സഹിതം ബന്ധപ്പെടുക.

ബ്രദർ ഏ. വി. ജോസ്, ഗോസ്പൽ ഫോർ കേരള, താമരക്കുളം റോഡ്, കൊല്ലം-691 001




## കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി



പാറക്കാട്, കടയ്ക്കാമൺ എന്നീ ഓർത്തഡോക്സ് പള്ളികളിലെ വികാരി ഏഴംകുളം ചരുവിള പുത്തൻവീട്ടിൽ ഫാ. സി. പി. മാത്യൂസിന് കടയ്ക്കാമൺ സെ. ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് തിരുമേനി, തോമസ് മാർ തീമോത്തിയോസ് തിരുമേനിയുടെ സഹകരണത്തിൽ സെപ്തംബർ 14-ാം തീയതി കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി

## റമ്പാൻ സ്ഥാനം നൽകി

ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിലെ അംഗങ്ങളായ ഫാ. വി. കെ. സോളമൻ, ഫാ. പി. എം. ജോർജ് എന്നിവർക്ക് ഒക്ടോബർ 1-ാം തീയതി നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് തിരുമേനി റമ്പാൻ സ്ഥാനം നൽകി.

## അദ്ധ്യാപക പരിശീലന ക്യാമ്പ്

സുൽത്താൻബത്തേരി ഭദ്രാസന സൺഡേസ്കൂൾ അദ്ധ്യാപക പരിശീലന ക്യാമ്പ് ആഗസ്ററ് 21, 22, 23 തീയതികളിൽ ബത്തേരി സെ. മേരീസ് കോളജിൽ വച്ച് നടത്തപ്പെട്ടു. ക്യാമ്പിൽ ഭദ്രാസനത്തിലുള്ള നൂററിഎൺപത് അദ്ധ്യാപകർ സംബന്ധിച്ചു.

സൺണ്ടേസ്കൂൾ അദ്ധ്യാപകർ അറിഞ്ഞിരിക്കേണ്ട അദ്ധ്യാപന രീതികളെക്കുറിച്ച് ഫാദർ സി. ഒ. വർഗ്ഗീസും സഭയിലെ കൂദാശകളെപ്പററി ഫാ. ഡോ. ബേബി വർഗീസും, ആചാര്യത്വത്തെപ്പററി ഫാ. തോമായും ക്ലാസെടുത്തു.

ക്യാമ്പിന്റെ ഉൽഘാടനം 21-ാം തീയതി വൈകിട്ട് 5.30-ന് വൈദിക ട്രസ്ററി ഫാ. മത്തായി നൂറനാൽ നിർവഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. പുന്നൂസ് മോഡിശ്ശേരിൽ അദ്ധ്യക്ഷം വഹിച്ചു. ഫാ. പി. വി. സ്ററീഫൻ, ഫാ. എടേക്കാട്ടിൽ, ഫാ. ഏ. കെ. വർഗ്ഗീസ്, ശ്രീ. കെ. ഓ. പീററർ എന്നിവർ പ്രസംഗിച്ചു. ഭദ്രാസന ഡയറക്ടർ പ്രൊഫ. എസ്. മൈനനാൻ സ്വാഗതവും ഇൻസ്പെക്ടർ ശ്രീ. ഏ. ജെ. മത്തായി നന്ദിയും പറഞ്ഞു.

ശ്രീ. ഏ. ജെ. മത്തായിയും ശ്രീ. എം. വി. പൗലൂസും ക്യാമ്പിൽ നിരൂപണ ക്ലാസുകൾ അവതരിപ്പിച്ചു.

ക്യാമ്പ് ദിവസങ്ങളിൽ ഭദ്രാസനത്തിലുള്ള ഭൂരിപക്ഷം വൈദികരും ക്യാമ്പ് സന്ദർശിച്ചതും ചർച്ചകളിലും മററും പങ്കെടുത്തതും ക്യാമ്പ് അംഗങ്ങൾക്ക് ആവേശം നൽകി.

ക്യാമ്പിന്റെ അവസാന ദിവസം രാവിലെ കോളജ് ചാപ്പലിൽ ഫാ. തോമാ വി. കുർബാന അർപ്പിച്ചു.

സമാപന സമ്മേളനത്തിൽ വെരി. റവ. പൗലൂസ് പൂമററത്തിൽ കോർ-എപ്പിസ്കോപ്പ അദ്ധ്യക്ഷം വഹിച്ചു. അദ്ധ്യാപക പ്രതിനിധി പ്രൊഫ. ടി. ടി. തോമസ് സ്വാഗതവും ഭദ്രാസന ഡയറക്ടർ പ്രൊഫ. എസ്. മൈനനാൻ നന്ദിയും പറഞ്ഞു.

## അദ്ധ്യാപക സമ്മേളനം

എം. ജി. ഓ. സി. എസ്. എം. ന്റെ ആഭിമുഖ്യത്തിൽ ഓർത്തഡോക്സ് സഭയിലെ സ്കൂൾ അദ്ധ്യാപകർക്കുവേണ്ടിയുള്ള ഏകദിന സമ്മേളനം ഓഗസ്ററ് 13-ാം തീയതി തിരുവല്ല എം. ജി. എം. ഹൈസ്കൂളിൽ വച്ചു നടത്തി. രാവിലെ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ അ്ധ്യക്ഷതയിൽ കൂടിയ ഉത്ഘാടന സമ്മേളനത്തിൽ ജനറൽസെക്രട്ടറി ഫാ. ജോൺ തോമസ് പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ, എം. എം. കുര്യൻ എന്നിവർ പ്രസംഗിച്ചു. ററി. ജെ. ജോഷ്വാ, പ്രൊഫ. ടൈററസ് വർക്കി എന്നിവർ ക്ലാസ്സെടുത്തു.

## പ്രഭാഷണം നടത്തി

കോട്ടയം: ഓർത്തഡോക്സ് സെമിനാരി തിയോളജിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മനഃശാസ്ത്ര വീക്ഷണത്തിൽ ആദ്ധ്യാ

ത്മീകത' എന്ന വിഷയത്തെപ്പററി കങ്ങഴ എം. ജി. ഡി. എം. ആശുപത്രിയിലെ മനോരോഗ ചികിത്സകൻ ഡോ. ജോർജ്ജ് മാത്യു പ്രഭാഷണം നടത്തി. സെമിനാരി ഓഡിറേറാറിയത്തിൽ നടന്ന ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ ഫാ. ററി. ജെ. ജോഷ്വാ അദ്ധ്യക്ഷത വഹിച്ചു കേരള തിയോളജിക്കൽ സ്ററുഡൻറ്സ് കോൺഫറൻസ് ജോയിൻറ് സെക്രട്ടറി വർക്കി വർഗീസ് സ്വാഗതവും ജോർജ്ജ് പുലിക്കോട്ടിൽ നന്ദിയും പറഞ്ഞു.

## അനുശോചനം

തേവലക്കര സെ. മേരീസ് സൺഡേ സ്കൂളിൽ അദ്ധ്യാപകനായും ഹെഡ്മാസ്ററായും 61 വർഷം സേവനം അനുഷ്ഠിച്ച തെക്കേതയ്യിൽ സൂസൻ ഭവനിൽ ററി. ഓ. അലക്സാണ്ടർ വൈദ്യൻെറ (85) നിര്യാണത്തിൽ തേവലക്കര സെ. മേരീസ് സൺഡേസ്കൂൾ അനുശോചനം രേഖപ്പെടുത്തുകയും പരേതൻെറ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. പരേതൻ ദീർഘകാലം സൺഡേസ്കൂൾ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചതിന് പ. കാതോലിക്കാബാവാ തിരുമേനിയിൽ നിന്നും പ്രശംസാപത്രം നേടിയിട്ടുണ്ട്.

## ചണ്ഡിഗറിൽ ഒരു ദേവാലയം

ഡൽഹിക്ക് വടക്ക് ആദ്യമായി മലങ്കരസഭയ്ക്ക് ഒരു ദേവാലയം ചണ്ഡിഗഡ് പട്ടണത്തിൽ 4 ലക്ഷം രൂപാ ചിലവാക്കി പണികഴിപ്പിച്ചിരിക്കുന്നു. വി. മാതാവിൻെറ നാമത്തിലുള്ള ഈ ദേവാലയത്തിൻെറ കൂദാശ ഇടവക മെത്രാപ്പോലീത്താ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി നിർവഹിച്ചു.

## സ്ലീബാദാസ സമൂഹം വാർഷികം

സ്ലീബാദാസ സമൂഹത്തിൻെറ 64-ാം വാർഷികം പാമ്പാക്കുട സെ. ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയിൽ സെപ്ററംബർ 14-ാം തീയതി സമൂഹാദ്ധ്യക്ഷൻ പീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി.

ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉൽഘാടനം ചെയ്തു. സമൂഹത്തിലെ അവഗണിക്കപ്പെട്ട ജനസഞ്ചയത്തിന് ഭൗതിക പുരോഗതിയോടൊപ്പം ആത്മീയ വെളിച്ചംകൂടി നൽകാൻ ക്രിസ്തീയ സഭയ്ക്ക് കടപ്പാടുണ്ടെന്ന് തിരുമേനി ഉത്ഘാടന പ്രസംഗത്തിൽ ഉൽബോധിപ്പിച്ചു. അവഗണിക്കപ്പെട്ട വിജാതീയർക്ക് ഉന്നമനം നല്കി ആശ്വാസം പകരാനുള്ള പ്രവർത്തനത്തിന് മലങ്കര ഓർത്തഡോക്സ് സഭയിൽ അടിസ്ഥാനമിട്ടതു മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ആയിരുന്നുവെന്ന് പക്കോമിയോസ് മെത്രാപ്പോലീത്താ ഓർമ്മിപ്പിച്ചു.

ജനറൽ സെക്രട്ടറി ടി. വി. പീലിപ്പോസ് കോർ-എപ്പിസ്കോപ്പാ റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ഒ. സി. വർഗീസ് കോർ-എപ്പിസ്കോപ്പാ, ഫാ. കെ. വി. സാമുവേൽ, മലയാള മനോരമ അസിസ്ററൻറ് എഡിററർ ശ്രീ. കെ. വി. മാമ്മൻ തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. ജോൺസ് എബ്രഹാം കോനാട്ട് സ്വാഗതവും സഞ്ചാര മിഷനറി ഫാ. എം. ററി. സാമുവേൽ നന്ദിയും പറഞ്ഞു.

സമ്മേളനാനന്തരം പതിവിൻ പ്രകാരമുള്ള ഘോഷയാത്രയും ഉണ്ടായിരുന്നു. രണ്ടു ദിവസങ്ങളിലായി നടന്ന ധ്യാനയോഗത്തിന് ഫാ. കെ. ററി. ഫിലിപ്പ് നേതൃത്വം നല്കി.

## വിദ്യാർത്ഥിപ്രസ്ഥാനം ഹൈസ്ക്കൂൾ കോൺഫറൻസ്

വിദ്യാർത്ഥി പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള വാർഷിക കോൺഫറൻസ് ഒക്ടോബർ 18 മുതൽ 20 വരെയുള്ള തീയതികളിൽ വാകത്താനം ഞാലിയാകുഴി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് വിവിധ പരിപാടികളോടുകൂടി നടത്തപ്പെടുന്നതാണ്. കോൺഫറൻസിൻെറ പ്രധാന ചിന്താവിഷയം 'ദൈവരാജ്യം നിങ്ങളുടെ ഇടയിൽ' എന്നതായിരിക്കും.

## ഓർത്തഡോക്സ് വൈദിക സെമിനാരി പാരീഷ് മിഷൻ

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള പാരീഷ് മിഷൻ ഈ വർഷവും ക്രിസ്തുമസ്-മദ്ധ്യവേനൽ അവധിക്കാലങ്ങളിൽ നടത്തുന്നതാണ്. സുവിശേഷപ്രസംഗങ്ങൾ, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വിശ്വാസസംബന്ധമായ ക്ലാസ്സുകൾ, സംഗീത പരിശീലനം, ഫിലിം പ്രദർശനം എന്നിവയുൾപ്പെടുത്തി നാലു ദിവസങ്ങളിലായി നടത്തുന്ന ഈ പാരീഷ് മിഷൻ നടത്തണമെന്ന് ആഗ്രഹിക്കുന്ന ഇടവകകൾ ഫാ. ടി. ജെ. ജോഷ്വാ, പാരീഷ് മിഷൻ ഡയറക്ടർ, ഓർത്തഡോക്സ് സെമിനാരി, പി. ബി. 98, കോട്ടയം എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

## മേഖലാസമ്മേളനം

വിദ്യാർത്ഥിപ്രസ്ഥാനം തിരുവനന്തപുരം മേഖലാ സമ്മേളനം ഓർത്തഡോക്സ് സ്ററുഡൻറ് സെൻററിൽ നടന്നു. ഫാ. ററി. ജെ. ജോഷ്വാ ക്ലാസ്സെടുത്തു. സിഡ്കോ ജനറൽ മാനേജർ ജോൺ മത്തായി IPS സമ്മേളനം ഉൽഘാടനം ചെയ്തു. ഫാ. ജോൺ തോമസ്, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എൽസി ഫിലിപ്പ്, എഞ്ചിനീയറിംഗ് കോളേജ് ഡീൻ പ്രൊഫ. ററി. കെ. ജോർജ്ജ്, പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു.

ഡീക്കൻ എം. സി. ചെറിയാൻ സ്വാഗതവും ഡീക്കൻ ജോസ് ററി. കൃതജ്ഞതയും പറഞ്ഞു. വൈദിക സെമിനാരി സംഗീത അദ്ധ്യാപകൻ ഡീക്കൻ എം. പി. ജോർജ്ജ് ഗാനപരിശീലനം നടത്തി. ഓർത്തഡോക്സ് വൈദിക സെമിനാരി വൈസ് പ്രിൻസിപ്പൽ ഫാ. ററി. ജെ. ജോഷ്വാ ഇംഗ്ലീഷിൽ വി. കുർബാന അർപ്പിച്ചു. സ്ററുഡൻറ് സെൻറർ ചാപ്പലിൽ മാസത്തിൽ ഒരു ഞായറാഴ്ച ഇംഗ്ലീഷ് കുർബാന നടത്തുന്നതാണ്.

## യൂണിററ് ഉൽഘാടനവും ഭവനദാനവും

വിദ്യാർത്ഥിപ്രസ്ഥാനം തിരുവനന്തപുരം യൂണിററ് ഉൽഘാടനം സിസ്കോ ജനറൽ മാനേജർ ജോൺ മത്തായി IPS നിർവഹിച്ചു. പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോൺ തോമസ് പ്രസംഗിച്ചു. 8000 രൂപ സഹായധനമായി നൽകി പണിത വീടിൻെറ താക്കോൽദാനം ഫാ. ററി. ജെ. ജോഷ്വാ നിർവഹിച്ചു. യൂണിററ് പ്രസിഡണ്ട് ഡീക്കൻ എം. സി. ചെറിയാൻ സ്വാഗതവും സെക്രട്ടറി വി. ററി. ഫിലിപ്പ് കൃതജ്ഞതയും പറഞ്ഞു.

## ഉത്ഘാടനംചെയ്തു

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം ചങ്ങനാശ്ശേരി യൂണിററിൻെറ ഈ വർഷത്തെ പ്രവർത്തനത്തിൻെറ ഉദ്ഘാടനം സെപ്ററംബർ 18-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ചങ്ങനാശ്ശേരി എസ്. ബി. കോളേജ് പ്രൊഫ. മററം കുന്നുംപുറം നിർവഹിച്ചു.

## ഏകദിന സമ്മേളനം

നിരണം ഭദ്രാസനത്തിലെ ബസ്ക്യാമ്മമാരുടെ ഏകദിന സമ്മേളനം സെപ്ററംബർ 10-നു ശനിയാഴ്ച പുളിക്കീഴ് സെ. മേരീസ് പള്ളിയിൽ മാർ ഒസ്താത്തിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തി. ഫാ. ററി. ജെ. ജോഷ്വാ ക്ലാസ്സെടുത്തു. ആനി ജോർജ്ജ് പനക്കാമററം, 'ബസ്ക്യാമ്മമാരും കുടുംബജീവിതവും' എന്ന വിഷയത്തെ സംബന്ധിച്ച് പ്രബന്ധം അവതരിപ്പിച്ചു. വികാരി ഫാ. കെ. വി. തോമസ് സ്വാഗതവും സെക്രട്ടറി ബേബിക്കുട്ടി കൃതജ്ഞതയും പറഞ്ഞു.

## ത്രിദിന ധ്യാനയോഗം

രാഷ്ട്രത്തിൻെറ ഐക്യത്തിനും, അഖണ്ഡതക്കും വേണ്ടി ഒക്ടോബർ 19, 20, 21 തീയതികളിൽ തിരുവല്ല പാലിയേക്കര സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് ത്രിദിന ഉപവാസ ധ്യാനയോഗങ്ങൾ നടത്തുന്നതാണ്. ഓർത്തഡോക്സ് പ്രാർത്ഥനാ സമാജങ്ങളുടെയും ഇമാം സുവാർത്താ മിഷൻെറയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഉപവാസ ധ്യാനയോഗങ്ങൾ ദിവസവും പകൽ 9 മുതൽ 3 മണിവരെയാകും നടത്തപ്പെടുക. മദ്യപാനത്തിനും മയക്കുമരുന്നിനും അടിമകളായി കഴിയുന്നവർക്കും തൊഴിൽരഹിതർക്കും വേണ്ടി ഈ ദിവസങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കുന്നതുമായിരിക്കും. പാലിയേക്കര പള്ളിവികാരി ഫാ: കെ. വി. ജോൺ, ഇമാം സുവാർത്താ മിഷൻ ഡയറക്ടർ പോൾ സിംഹിരാജ് മുഹമ്മദ് എന്നിവർ നേതൃത്വം നൽകുന്നതാണ്.

## മണർകാട്ട് ധ്യാനയോഗങ്ങൾ

സെപ്ററംബർ 12 മുതൽ 17 വരെ മണർകാട് കുരിശുകവലക്കു പടിഞ്ഞാറ് ഇമാം നഗറിൽ നടത്തപ്പെട്ട ഉപവാസ ഉണർവ്വു ധ്യാനയോഗങ്ങൾ അനുഗ്രഹമായിരുന്നു. സി. വി. ജോർജ്ജു കോറെപ്പിസ്കോപ്പ, ഫാ: ജോസ് ചെറുമഠം, ഫാ: സഖറിയ പണിക്കശ്ശേരി, ഫാ:

മത്തായി, ഡീക്കൻ എം. സി. ചെറിയാൻ, ഫാ. ജോൺ പുത്തൻവീട്ടിൽ, വി. ജെ. കുര്യൻ, മലം സി. കെ. എബ്രഹാം, വി. മ. സഖറിയ, കെ. സി. മാണി, പി. എസ്. ജേക്കബ്, പോൾ സിനിരാജ് മുഹമ്മദ് എന്നിവർ നേതൃത്വം നൽകി. എല്ലാ ചൊവ്വാഴ്ചയും പകൽ 10 മുതൽ 2 മണിവരെ പ്രസ്തുത സ്ഥലത്ത് ഉപവാസയോഗങ്ങളും ഉണ്ടായിരിക്കുന്നതാണ്.

## യൂണിററ് രൂപീകരിച്ചു

പെങ്ങാമുക്കു പള്ളിയിൽ ഈയിടെയുണ്ടായ അനിഷ്ട സംഭവങ്ങളുടെ വെളിച്ചത്തിൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ കല്പന അനുസരിച്ച് അഭിവന്ദ്യ പക്കോമിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിലും അഭിവന്ദ്യ മിലിത്തിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിലും പഴഞ്ഞി സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിൽവച്ച് കൂടിയ യോഗത്തിൽവച്ച് അഭിവന്ദ്യ മിലിത്തിയോസ് തിരുമേനി പ്രസിഡണ്ടും ഫാ. പീററർ ചെറുവത്തൂർ വൈസ്പ്രസിഡണ്ടും പി. വി. ജോബ് കൺവീനറും, ഫാ. കെ. സി. ജോസഫ് സെക്രട്ടറിയുമായി 101 പേർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ചു.



## പരുമലപെരുന്നാൾ

പ. പരുമല തിരുമേനിയുടെ 86-ാം ഓർമ്മപ്പെരുന്നാൾ 1988 നവംബർ 1, 2 (ചൊവ്വ, ബുധൻ) തീയതികളിൽ പ. പിതാവ് കബറടങ്ങിയിരിക്കുന്ന പരുമല സെമിനാരിയിൽ ഭക്തിപുരസ്സരം കൊണ്ടാടുന്നതാണ്. പ. കാതോലിക്കാ ബാവാ തിരുമേനിയും, സഭയിലെ മററു മെത്രാപ്പോലീത്താ തിരുമേനിമാരും പെരുന്നാൾ ചടങ്ങുകളിൽ സംബന്ധിക്കും.

### മലങ്കരസഭാ ഓഫീസ്

പെരുന്നാളിനോടനുബന്ധിച്ച് മലങ്കരസഭാ മാസികയുടെ ഓഫീസ് പതിവുപോലെ സെമിനാരിയോട് ചേർന്ന് പ്രവർത്തിക്കുന്നതായിരിക്കും. മാസികയുടെ വരിസംഖ്യ അടയ്ക്കാനുള്ളവർക്കും, മാസികയിൽ ഉപകാരസ്മരണാബ്ളോക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതിന് ആഗ്രഹിക്കുന്നവർക്കും പ്രസ്തുത ഓഫീസിൽ പണം അടയ്ക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കും. മാസികയ്ക്ക് ഓരോരുത്തരും അടയ്ക്കാനുള്ള കുടിശികയും, അടുത്ത വർഷത്തേക്കുള്ള വരിസംഖ്യവിവരവും മാന്യ വായനക്കാരെ പ്രത്യേകം നോട്ടീസ് മൂലം അറിയിച്ചിട്ടുണ്ട്. ടി തുക പെരുന്നാളിനുമുമ്പ് അയച്ചുതരികയോ പെരുന്നാൾ ദിവസം ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാത്തപക്ഷം മാസിക അയയ്ക്കുക പ്രയാസമായിരിക്കും.

വരിസംഖ്യ അയയ്ക്കുമ്പോൾ ഇവിടെ നിന്ന് അയച്ചിട്ടുള്ള നോട്ടീസോ, ഓരോരുത്തരുടെയും രജി. നമ്പർ ചേർത്തിട്ടുള്ള റെപ്പറോ കൂടി കൊണ്ടുവന്നാൽ കൂടുതൽ സൗകര്യപ്രദമായിരിക്കും.

### മലങ്കരസഭ

| | | | |
|---|---|---|---|
| വാർഷികവരിസംഖ്യ | 15 രൂപാ | ഉപകാരസ്മരണാ ബ്ളോക്ക് | |
| ആയുഷ്ക്കാല വരിസംഖ്യ | 200 ,, | ഒരു പേജിന് | 500 രൂപ |
| ഉപകാരസ്മരണാ ബ്ളോക്കിന് | 25 ,, | ,, അര പേജിന് | 300 ,, |
| ,, കവർ ഒരു പേജിന് | 600 ,, | ,, കാൽ പേജിന് | 275 ,, |

### സ്മാരകഗ്രന്ഥം

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമരജതജൂബിലി സ്മാരകമായി പ്രസിദ്ധപ്പെടുത്തുന്ന സോവനീർ ആവശ്യമുള്ളവർക്ക് അത് പരുമലവച്ച് ബുക്കു ചെയ്യാവുന്നതാണ്. സ്മാരകഗ്രന്ഥത്തിന് വില രൂപ 20. (പ്രീ പബ്ളിക്കേഷൻ വില നവംബർ 30 വരെ രൂപാ 15.

കാതോലിക്കേററ് ഓഫീസ്
കോട്ടയം

ഫാ. ററി. ജി. സഖറിയ,
മാനേജർ.





മാസികയിൽ 'ഫിലേമോന്റെ മറുപടി' എന്നതിന് ഒന്നാംസ്ഥാനം ലഭിച്ച പി. ററി. തോമസ്.



മാസികയിൽ 'ഫിലേമോന്റെ മറുപടി.' എന്നതിന് രണ്ടാം സ്ഥാനം ലഭിച്ച എ. വി. പൗലോസ്.

## ഡയലോഗ്

ഓർത്തഡോക്സ്–ലൂഥറൻ സഭകൾ നടത്തി വരുന്ന ഡയലോഗിന്റെ 15-ാം ഘട്ടം 1988 സെപ്റ്റംബർ 7, 8 തീയതികളിൽ ബാംഗ്ളൂരിലു SCM ബിൽഡിംഗ്സിൽ നടന്നു. ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചു റവ. ഡോ. വി. സി. സാമുവേൽ, റവ. ഡോ. ബി. വറുഗീസ്, ഫാ. സി. ഒ. വർഗീസ്, ഫാ. ടി. പി. ഏലിയാസ്, ഡീക്കൻ രവി. ജെ. മാത്യൂസ്, ഫാ. ഫിലിപ്പ് മാത്യു എന്നിവർ സംബന്ധിച്ചു. 'The Origin and nature of evil and the centrality of freedom' എന്ന വിഷയത്തെപ്പററി ഓർത്തഡോക്സ് ഭാഗത്തുനിന്നും ഫാ. ഫിലിപ്പ് മാത്യുവും; ലൂഥറൻ ഭാഗത്തുനിന്നു എ. സുന്ദരവും പേപ്പറുകൾ അവതരിപ്പിച്ചു. ഡയലോഗിന്റെ കൺവീനറായി പ്രവർത്തിച്ചിരുന്ന റവ. ഡോ. ബി. എച്ച്. ജക്സ്ലായ്ക്കു പകരം റവ. ഡോ. കെ. സി. വി. കോസല ചാർജെടുത്തു.

## അദ്ധ്യാപകസമ്മേളനം

ഇടവങ്കാട് ഡി. സൺഡേസ്കൂൾ അദ്ധ്യാപകരുടെ ഏകദിനസമ്മേളനം തോനയ്ക്കാട് സെ. ജോർജ് പള്ളിയിൽവച്ച് സെപ്റ്റംബർ 10-ാം തീയതി ശനിയാഴ്ച സി. വി. ജോർജ് കോർ എപ്പിസ്കോപ്പയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഫാ. ററി. ജെ. ശാമുവൽ, ഫാ. ഒ. തോമസ് എന്നിവർ ക്ളാസ്സുകൾ എടുത്തു. ററി. ജോൺ മാത്യു, സി. യു. മാത്യു, അഡ്വ. പി. ഇ. വർക്കി എന്നിവർ പ്രസംഗിച്ചു. ഫാ. ഗീവറുഗീസ് പണിക്കർ സ്വാഗതവും മാത്യു എം. തോമസ് നന്ദിയും പറഞ്ഞു. ഡി. ഇൻസ്പെക്ടർ പി. സി. ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു.

## ഭവനദാന പദ്ധതി

കുവൈററ് ഓർത്തഡോക്സ് ഇടവകയിൽ പ്രവർത്തിക്കുന്ന മാർ ബസ്സേലിയോസ് മൂവ്മെന്റിന്റെ ഭവനദാനപദ്ധതിപ്രകാരം ഇടുക്കി ഭദ്രാസനത്തിൽ തകിടിയേൽ ശോശാമ്മ മെനനാൻ നരിയമ്പാറ എന്ന ആളിന് വീടു പണിയുന്നതിന് 7500 രൂപയുടെ ചെക്ക് ടി സംഘടനയുടെ പ്രസിഡണ്ട് ശ്രീ. ഉമ്മൻ ജോൺ ഇടവക മെത്രാപ്പോലീത്താ മാർ ബർന്നബാസ് തിരുമേനിയെ ഏല്പിച്ചു.

## ഫാ. പി. വി. ജേക്കബ് നിര്യാതനായി

തൃശൂർ: പറവട്ടാനിയിൽ ഫാ. പി. വി. ജേക്കബ് പൊറുത്തുക്കാരൻ (90) സെ. 10-ാം തീയതി നിര്യാതനായി. ശവസംസ്കാരം യൂഹാനോൻ

മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ പടിഞ്ഞാറെകോട്ട സെ. ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

## ബാലഗ്രാമിന് 12 ലക്ഷം രൂപാ സമാഹരിക്കുന്നു

സഭവകയായി ആന്ധ്രയിൽ കുഷ്ഠരോഗികളുടെ രോഗം വരാത്ത കുട്ടികൾക്കുവേണ്ടിയുള്ള ബാലഗ്രാമിന് 12 ലക്ഷം രൂപാ പിരിച്ചെടുക്കുന്നതിന് തീരുമാനിച്ചു.

മാവേലിക്കര മിഷൻ സെൻററിൽ ശിശുക്ഷേമ ബോർഡിൻെറ പ്രസിഡണ്ട് ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ബോർഡുയോഗമാണ് ഈ തീരുമാനം എടുത്തത്.

ഈ ബാലഗ്രാം കൊണ്ട് ഉദ്ദേശിക്കുന്നത് കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങളെ വളർത്തി വിദ്യാഭ്യാസം കൊടുക്കുക എന്നതാണ്. 200 കുഞ്ഞുങ്ങളെ എടുക്കുന്നതിനുള്ള ഉദ്യമത്തിലാണ് ഇപ്പോൾ ഭാരവാഹികൾ. 2 രൂപയുടെ 50 കോളമുള്ള കാർഡുകൾ വിതരണം ചെയ്ത് ഇൻഡ്യയിലെ സ്കൂൾ വിദ്യാർത്ഥികൾ മുഖാന്തിരം 12 ലക്ഷം രൂപാ പിരിക്കുവാനാണ് ബോർഡ് തീരുമാനിച്ചിരിക്കുന്നത്. ഏററവും കൂടുതൽ പണം പിരിച്ചെടുക്കുന്ന സ്കൂളിനും വിദ്യാർത്ഥികൾക്കും പ്രത്യേക സമ്മാനങ്ങളും സർട്ടിഫിക്കററുകളും നൽകുന്നതാണെന്ന് തിരുമേനി പ്രസ്താവിച്ചു.

ശിശുക്ഷേമബോർഡിൻെറ സഹായം ലഭിക്കുന്ന സഭയിലെ വിവിധ ബാലഗ്രാമുകളുടെ പ്രവർത്തനങ്ങളെ ബോർഡ് വിലയിരുത്തി.

ട്രഷറാർ പ്രൊഫ. കെ. സി. ജോർജ് സാമ്പത്തികാവലോകനം നടത്തി. എക്സിക്യൂട്ടീവ് സെക്രട്ടറി കെ. സി. ഈപ്പൻ കൃതജ്ഞത പറഞ്ഞു.

## വി. നാട് സന്ദർശനം

വി. നാട് സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കത്തക്കവണ്ണം ഒരു തീർത്ഥയാത്ര 1989 മെയ് ആദ്യവാരത്തിൽ അഭിവന്ദ്യ പക്കോമിയോസ് തിരുമനസ്സിലെ നേതൃത്വത്തിൽ പോകത്തക്കവിധം ക്രമീകരിച്ചുകൊണ്ടിരിക്കുന്നു. സംഘത്തിൽ 62 അംഗങ്ങൾ മാത്രമെ ഉണ്ടായിരിക്കയുള്ളു. കൂടുതൽ വിവരങ്ങൾക്ക് സി. കെ. ജോസഫ് റമ്പാൻ മാനേജർ, ദേവലോകം അരമന, കോട്ടയം–38 എന്ന മേൽവിലാസത്തിൽ എഴുതുക.

## റവ. ഡോ. ജേക്കബ് കുര്യൻ ചീഫ് എഡിററർ

മലങ്കരസഭാ മാസികയുടെ പുതുതായി രൂപംകൊണ്ട എഡിറേറാറിയൽ ബോർഡ് സെപ്ററംബർ 13–ാം തീയതി പ്രസിഡൻറ് മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കാതോലിക്കേററ് അരമനയിൽ ചേർന്ന് മാസികയുടെ ചീഫ് എഡിററായി ഓർത്തഡോക്സ് വൈദികസെമിനാരി പ്രൊഫസർ റവ. ഡോ. ജേക്കബ് കുര്യനെ തെരഞ്ഞെടുക്കുകയും മാസികയുടെ ഉള്ളടക്കം, സർക്കുലേഷൻ മുതലായവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തിരിക്കുന്നു.

മാസികയിലേക്കുള്ള ലേഖനങ്ങളും പത്രാധിപർക്കുള്ള കത്തുകളും ചീഫ് എഡിററുടെ പേർക്ക് പി. ഒ. ബോക്സ് 98, കോട്ടയം, 686001 എന്ന മേൽവിലാസത്തിലും, വാർത്തകളും പണം സംബന്ധമായും മാസികയുടെ മററു പ്രവർത്തനങ്ങൾ സംബന്ധിച്ചുംഉള്ള കാര്യങ്ങൾക്കും മാനേജരുടെ പേർക്ക് ദേവലോകം അരമന, കോട്ടയം 686038 എന്ന മേൽവിലാസത്തിലും അയക്കണം.


### ദിവ്യബോധനം

പുതിയ ബാച്ചിലേക്ക് പ്രവേശനം ആരംഭിക്കുന്നു.

1989 ജനുവരി മുതൽ ആരംഭിക്കുന്ന ദിവ്യബോധനം കോഴ്സിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

ഇടവകതലത്തിൽ യൂണിററുവഴിയും തപാൽവഴിയും ഈ പഠനം നടത്താവുന്നതാണ്.

ഈ കോഴ്സിൽ ചേർന്നു പഠിക്കുന്നവർക്ക് പാഠപുസ്തകങ്ങൾ സൗജന്യ നിരക്കിൽ നൽകുന്നതാണ്.

പ്രോസ്പെക്ടസ്, പ്രവേശനഫാറം എന്നിവയ്ക്ക് എഴുതുക.

രജിസ്ട്രാർ, ദിവ്യബോധനം
ഓർത്തഡോക്സ് സെമിനാരി
പി.ബി. 98, കോട്ടയം–686001, കേരളാ.




## പ്രശസ്ത വിജയം



തിരുവല്ലാ മുത്തൂററ് പൈനുമ്മൂട്ടിൽ കുടുംബാംഗവും മലങ്കരസഭാ മാസികയുടെ ആയുഷ്ക്കാല മെമ്പറും ബോംബെ ദാദർ ഇടവകാംഗവുമായ മി. കെ. ഓ. ഉമ്മൻെറ മകൾ സൂസൻ ബോംബെ വിൽസൺ കോളജിൽ നിന്ന് 12th സ്ററാൻഡേർഡിൽ 95 ശതമാനം മാർക്കു വാങ്ങി പ്രശസ്തമായ നിലയിൽ വിജയിച്ചിരിക്കുന്നു.

## അസിസ്ററൻറ് ഡയറക്ടർ

സഭാ വൈദികട്രസ്ററി ഫാ. മത്തായി നൂറനാലിൻെറ മകൻ ഏബ്രഹാം മത്തായിയെ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയുടെ സെക്യൂരിററി സ്ററാഫിൽ അസ്സിസ്ററൻറ് ഡയറക്ടറായി നിയമിച്ചിരിക്കുന്നു. ശ്രീ. ഏബ്രഹാം മത്തായിയുടെ സ്ഥാനപ്രാപ്തിയിൽ 'മലങ്കരസഭ' അനുമോദനം രേഖപ്പെടുത്തുന്നു.

## ഗ്രൂപ്പ് സമ്മേളനം

കുന്നം ഗ്രൂപ്പ് സുവിശേഷസംഘത്തിൻെറ സമ്മേളനം ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നെടുമ്പായിക്കുളം സെ. ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ആഗസ്ററ് 27–ാം തീയതി നടത്തി. ഒസ്താത്തിയോസ് തിരുമേനി ബൈബിൾ ക്ലാസ്സ് എടുത്തു. പൊതുസമ്മേളനത്തിൽ ഫാ. തോമസ് തേക്കിൽ, കെ. ഐ. ചെറിയാൻ, വൈ. ജോൺ, ശ്രീമതി അന്നമ്മ കോശി എന്നിവർ പ്രസംഗിച്ചു. ഗ്രൂപ്പ് ഓർഗനൈസർ സി. ജോർജ് സ്വാഗതവും യൂണിററു കൺവീനർ അലക്സാണ്ടർ കൃതജ്ഞതയും പറഞ്ഞു.


## തിരുവചനഭാഷ്യം

### പുതിയനിയമ വ്യാഖ്യാനപരമ്പര

ഓർത്തഡോക്സ് വൈദിക സെമിനാരി അദ്ധ്യാപകർ തയ്യാറാക്കുന്ന ഒരു ദിവ്യബോധനം പ്രസിദ്ധീകരണം.

15 വാല്യങ്ങൾക്കുമായി മുഖവില 150 രൂപ
അവസരം നഷ്ടപ്പെട്ടവർക്ക് പുതിയ അവസരം!
പുതുക്കിയ പ്രീ–പബ്ലിക്കേഷൻ വില 125 രൂപ
(1988 നവംബർ 30–ന് മുൻപ് ഒന്നിച്ചടയ്ക്കണം)
രണ്ടു തവണകളായി 130 രൂപ (80+50)
(1988 നവംബർ, ഡിസംബർ മാസങ്ങളിൽ)

1988 ഡിസംബറിൽ പ്രസിദ്ധീകരണം ആരംഭിക്കുന്നു. ഏജൻറുമാർക്ക് ആകർഷകമായ കമ്മീഷൻ. ഓർഡർ ഫോമിനും ഏജൻസി വ്യവസ്ഥകൾക്കും എഴുതുക.

എഡിററർ, തിരുവചനഭാഷ്യം
ഓർത്തഡോക്സ് സെമിനാരി,
P. B. 98. കോട്ടയം–686001. കേരള


## കലാമത്സരങ്ങൾ

എം. ജി. ഓ. സി. എസ്. എം –ൻെറ വാർഷിക കലാമത്സരങ്ങൾ നവംബർ 8–ാം തീയതി ചൊവ്വാഴ്ച, കോട്ടയം സ്ററുഡൻറ് സെൻററിൽ വച്ചു നടത്തപ്പെടും. രജിസ്ററർ ചെയ്തിട്ടുള്ള ശാഖകളിലെ അംഗങ്ങൾക്കു മാത്രമെ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

കൂടുതൽ വിവരങ്ങൾക്ക്,

ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് സ്ററുഡൻറ് സെൻറർ, കോട്ടയം–686001 എന്ന വിലാസത്തിൽ ബന്ധപ്പെടുക.


### ആവശ്യമുണ്ട്

പഴഞ്ഞി സെ. മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ ഉപദേശിയായി വേലചെയ്യുന്നതിന് 30 വയസ്സിനും 40 വയസ്സിനും മദ്ധ്യേ പ്രായമുള്ളവരിൽനിന്നും വിദ്യാഭ്യാസയോഗ്യതയും മുൻ പരിചയങ്ങളും കാണിച്ച് 1988 നവംബറിനു മുമ്പായി അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം വികാരിയുടെ സ്വഭാവ സർട്ടിഫിക്കററ് ഉണ്ടായിരിക്കേണ്ടതാണ്.

എന്ന്,
ഫാ. സി. വി. അബ്രഹാം, വികാരി
സെ. മേരീസ് ഓർത്തഡോക്സ് ചർച്ച്
പഴഞ്ഞി–680 542.




ഹൈന്ദവപാരമ്പര്യത്തിൽ പണ്ടുകാലം മുതൽ നടപ്പിലിരുന്ന ഒന്നാണല്ലോ സന്യാസജീവിതം, ആശ്രമങ്ങൾ എന്നിവ. ഇപ്രകാരം ഭാരതീയ പാരമ്പര്യം ഉള്ള നമ്മുടെ സഭയിൽ എന്തുകൊണ്ട് സന്യാസിപ്രസ്ഥാനം കൂടുതൽ ശക്തിയാർജ്ജിച്ചില്ല? ബർന്നബാസ് തിരുമനസ്സുകൊണ്ട് മുഖവുരയായി എഴുതിയിരുന്നപോലെ ഇരുപതാം നൂററാണ്ടുവരെ കാത്തിരുന്ന്, എന്തുകൊണ്ട് മററു സഭകളെ അനുകരിക്കേണ്ടിവന്നു? നമ്മുടെ സഭ ഇന്നും ദയറാകൾക്ക് വേണ്ടതായ പ്രാധാന്യം നല്കാത്തതിന്റെ കാരണം എന്താണ്? കേന്ദ്രീകൃതമായ ഒരു ദയറാ പ്രസ്ഥാനം നമുക്ക് ഇന്നും എന്തുകൊണ്ടാണില്ലാതെയിരിക്കുന്നത്? ഉത്തരം ലഭിക്കാത്ത കുറേ ചോദ്യങ്ങൾ!

അടുത്തയിട ഗ്രീക്ക് (ബൈസന്റിയൻ) സഭയിലെ ദയറാ ജീവിതത്തെപ്പററി അറിയാനിടയായി. അവിടെ ദയറാക്കാർ ഓരോ ദിവസത്തേയും 24 മണിക്കൂറിൽ, ഇടവിട്ടാണെങ്കിലും, ആകെ എട്ടു മണിക്കൂർ പ്രാർത്ഥനക്കായും എട്ടു മണിക്കൂർ ജോലിക്കായും ശേഷം എട്ടുമണിക്കൂർ ഉറക്കത്തിനായും വേർതിരിച്ചിരിക്കയാണ്. അവർക്ക് വ്യക്തിപരമായും, ആശ്രമത്തിനും സഭക്കും പൊതുവായും വേണ്ട എല്ലാം സാധനസാമഗ്രഹികളും സ്വയമായി ആശ്രമത്തിൽ നിർമ്മിക്കുന്നു. കൃഷിപ്പണിയും, മരപ്പണിയും, കന്നുകാലിവളർത്തലും ഐക്കണുകൾ ഉണ്ടാക്കുക, കുരിശ്, ധൂപക്കുററി നിർമ്മിക്കൽ, ഇങ്ങനെ വൈവിധ്യം നിറഞ്ഞതാണ് അവരുടെ ജോലികൾ. അടുക്കളജോലിയും അവർ തനിയേ നിർവഹിക്കുന്നു. അതിശൈത്യമുള്ള മഞ്ഞുകാലത്തും വെളുപ്പിനുള്ള പ്രാർത്ഥനക്കുശേഷം പശുക്കളെ കറക്കാൻ പോകുന്നത് കാണാം. ആർക്കും എന്തു ജോലിയും സീനിയർ ജൂനിയർ ഭേദമില്ലാതെ—ചെയ്യുന്നതിൽ മടിയില്ല. മാത്രമല്ലാ ഓരോ ദിവസവും അവർ ജോലികൾ മാറി മാറി ചെയ്യുന്നതിനാൽ എല്ലാവർക്കും എല്ലാ ജോലിയും ചെയ്യുന്നതിനുള്ള പരിശീലനവും ലഭിക്കുന്നു. (സജീവ അല്പപരുമുള്ള വേലകളിൽ വ്യാപൃതരാകുകമൂലം അനാശാസ്യമായ പല വികാരങ്ങളും വിചാരങ്ങളും ഒഴിവാക്കുവാനും സാധിക്കുന്നു. അഭിവന്ദ്യ തിരുമേനിയുടെ ലേഖനം).

വർഷത്തിൽ പലപ്പോഴായി (ബുധൻ, വെള്ളി എന്നീ ദിവസങ്ങൾ ഉൾപ്പെടെ) ആകെ ആറു മാസം അവർക്ക് നോമ്പുകാലമാണ്. നോമ്പിൽ ദിവസവും വൈകിട്ട് ഒരു നേരം അല്പം ലഘു ഭക്ഷണം (സസ്യാഹാരം) മാത്രമേ അവർ കഴിക്കുകയുള്ളു. മത്സ്യം, മുട്ട, പാൽ മുതലായവ നോമ്പിൽ വർജ്ജിക്കുന്നു. മാംസം ഒരിക്കലും കഴിക്കാറില്ല.

ഇതേപോലെ പ്രാർത്ഥനയിൽ മുഴുകി എന്തുജോലിയും ചെയ്യുന്നതിനുള്ള സന്മനഃസും ജീവിതചര്യയും, ഉപവാസവും പ്രാർത്ഥനയും ഉണ്ടെങ്കിൽ മാത്രമേ നമ്മുടെ ദയറാകൾക്കും ഉന്നതി ഉണ്ടാകൂ. ദയറാക്കാരുടെ ലളിതമായ മാതൃകാജീവിതം, വിനയം, പ്രാർത്ഥനാജീവിതം, പ്രാർത്ഥനയിൽകൂടി ലഭിക്കുന്ന ദിവ്യതേജസ്, നമ്മുടെ പട്ടക്കാരിലും ശെമ്മാശന്മാരിലും അയ്മേനികളിലും പകരണം. ഇങ്ങനെയുള്ള ഒരു തേജസ്സിന്റെ—ആത്മീയ ഉണർവിന്റെ—അനുഭവം ഇന്ന് നമ്മുടെ സഭയിൽ എവിടെയും കാണാൻ കഴിയും. സഭയുടെ ജീവനാഡി ദയറായാണ്. അത് ആയിരിക്കേണ്ട നിലയിലേക്ക് ഉയർന്നുവരണം. പൂവിന്റെ പരിമളവും; ദീപത്തിന്റെ പ്രകാശവും, എല്ലാ ദിക്കുകളിലേക്കും പരക്കുന്നതുപോലെ, ദയറാകളുടേയും ദയറാക്കാരുടേയും പരിമളം എല്ലാഭാഗത്തേക്കും പരക്കണം. അപ്പോൾ മാത്രമേ പൂവിനുവണ്ടിനേ എന്നതുപോലെ, ദയറാകളിലേക്ക് ആളുകളേ ആകർഷിക്കാൻ സാധിക്കൂ.

**പി. എസ്. ജോർജ്ജ്, ജർമ്മനി.**

## ബീഹാർ ദുരിതാശ്വാസം

ചർച്ച് വീക്കിലിയിലെ എഡിറേറാറിയൽ സഭയുടെ ചുമതലയിലേക്കു വിരൽ ചൂണ്ടിയിരിക്കുന്നു. മലങ്കര സഭയിലെ കൽക്കട്ടാ ഭദ്രാസനാധിപൻ സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനി ഫാ. എം. വറുഗീസിനെ ദുരിതാശ്വാസത്തിനായി ബീഹാറിലേക്കയയ്ക്കയും പ്രവർത്തനം തുടങ്ങുകയും ചെയ്തിരിക്കുന്നു. ദുരിതാശ്വാസ ഫണ്ടിലേക്ക് 10000 രൂപ തിരുമേനിയുടെ പേർക്ക് അയച്ചുകഴിഞ്ഞു. ഇക്കാര്യത്തിന് മാവേലിക്കര മിഷൻ സെന്ററിലേക്ക് തുക അയക്കുന്നവർക്ക് Emergency Relief Fund-ന്റെ രസീതയച്ചുതരുന്നതായിരിക്കും. തിരുമേനിയുടെ പേർക്ക് P.O. Box 24, എന്ന പേരിലയയ്ക്കാവുന്നതാണ്.



# ബൈബിൾ പഠനം

**ഡീ. എം. സി. ചെറിയാൻ**

**പാഠം 68**

വിജയിയുടെ പേരും വിലാസവും

പേര്. വർഗീസ് ജോൺ

വിലാസം. കൊട്ടയ്ക്കാട്ടു പുല്ലാടിയിൽ
തോട്ടപ്പുഴ, ഇരവിപേരൂർ

ഭദ്രാസനം: ചെങ്ങന്നൂർ.

രജി. നമ്പർ. 6157

## ഉത്തരം

1. 2 ഭാഗം.
2. 5 അദ്ധ്യായം
3. 3 പ്രാവശ്യം. ത്രൈശുദ്ധ കീർത്തനത്തിനു ശേഷം. കർത്താവേ ഉത്തരമരുളണമേ എന്ന പ്രാർത്ഥനയ്ക്കു ശേഷം. 6—ാം തുബ്ദേനുശേഷം
4. 6 പ്രാവശ്യം.
   1. ഏവൻഗേലിക്കു മുമ്പ്
   2. സമാധാനത്തിനു മുമ്പ്
   3. അൻപുടയോനേ എന്ന ഗീതത്തിനു മുമ്പ്
   4. കർത്തൃപ്രാർത്ഥനയ്ക്കുശേഷം
   5. കാസാ പീലാസാ ആഘോഷിക്കുന്നതിനു മുമ്പ്
   6. കൃതജ്ഞതാ പ്രാർത്ഥനയിൽ തലകുനിക്കുന്നതിനു മമ്പ്
5. 3 പ്രാവശ്യം. ആകെ മൂന്നു പ്രാവശ്യം. (വീണ്ടും എന്നതിനാൽ ആദ്യത്തേതിനുശേഷം)
6. 4 2, 3, 4, 5 തുബ്ദേനുകൾ 'കർത്താവിനോടും നാം പ്രാർത്ഥിക്കണം' എന്ന് അവസാനിക്കുന്നു.
7. 5 വി. മറിയാം, യൂഹാനോൻ മാംദാന, മാർ സ്തേഫാനോസ്, മാർ പത്രോസ്, മാർ പൗലോസ്.
8. 23 അക്കോബ്, ഇഗ്നാത്യോസ്, ക്ളീമ്മീസ്, ദീവന്നാസ്യോസ്, അത്താനാസ്യോസ്, യൂലിയോസ്, ബസ്സേലിയോസ്, ഗ്രീഗോറിയോസ്, ദിയസ്ക്കോറോസ്, തീമോത്തിയോസ്, പീലക്സീനോസ്, അന്തിമോസ്, ഇവാനിയോസ്, കൂറിലോസ്, സേവേറിയോസ്, മാർ യാക്കോബ് ബുർദാനാ, അപ്രേം, യാക്കോബ്, ഇസഹാക്ക്, ബാലായി, ബർസൗമ്മാ, ശെമഓൻ ദെസ്തൂനി അബഹേറ.
9. 5 സ്ലീബാ, ദൈവമാതാവ്, പരിശുദ്ധന്മാർ, പട്ടക്കാർ, പരേതർ.
10. 4
    1. രണ്ടാം അദ്ധ്യായത്തിന്റെ ആദ്യം.
    2. അൻപുടയോനേ ഗീതത്തിനു മുമ്പ്
    3. കാസാ പീലാസാ ആഘോഷിക്കുന്നതിനു മുമ്പ്
    4. അവസാന ആശീർവാദത്തിൽ.

## വിജയികൾ

1. വറുഗീസ് ജോൺ, ഇരവിപേരൂർ
2. സഖറിയാ പനയ്ക്കാമററം, ഫരീദാബാദ്
3. ഷേബ മാത്യൂ, പുതുപ്പള്ളി

4. കെ. വി. തോമസ്, കരഗ്പൂർ
5. ഏലിയാമ്മ ഐപ്പ്, പുത്തൻകാവ്
6. എബി സി കണ്ടത്തിൽ, വളഞ്ഞവട്ടം
7. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ
8. കെ. എം. തോമസ, മദ്രാസ്
9. നിർമ്മലാ മേരി, ഇരവിപേരൂർ
10. കോശി മത്തായി, നന്ദിനി
11. ഡാർളി കോശി ,,
12. മോളി മാത്യൂസ്, നാരങ്ങാനം
13. പീററർ സാം, പഴഞ്ഞി
14. ശോശാമ്മ തോമസ്, കിടങ്ങന്നൂർ
15. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി
16. ററി. ജെ. സ്കറിയാ, തുമ്പമൺ
17. മേഴ്സി എം. ജി., കുന്നംകുളം
18. ഏലിയാമ്മ പൗലോസ്, ചെല്ലക്കോട്
19. സുനു മെർലിൻ ജോർജ്, കുളനട
20. ഏലിയാമ്മ വറുഗീസ്, കോട്ടയം
21. മറിയാമ്മ ഏബ്രഹാം, കോട്ടയം
22. അച്ചാമ്മ പീററർ, വാഴൂർ
23. ററി. ഡി. ജോർജുകുട്ടി, മദ്രാസ്
24. ഏലിയാമ്മ കോശി. കോടുകുളഞ്ഞി
25. മറിയാമ്മ കോശി, കല്യാൺ
26. കെ. ജി. പ്രഭ, ചെല്ലക്കോട്
27. പൊന്നമ്മ തോമസ്, അഹമ്മദബാദ്
28. സി. എം. വറുഗീസ്, സാഗർ
29. പുഷ്പാ ജോർജ്, കോയിപ്രം
30. സാറാമ്മ യോഹന്നാൻ ഏനാത്ത്
31. വി. എം. പൗലോസ്, അഞ്ചുകുന്ന്
32. ജേക്കബ് ജി. തയ്യിൽ, കരിപ്പുഴ
33. ഗ്രേസ് പി. മാത്യു, കല്ലിശ്ശേരി
34. ജോർജ് പി. മാത്യു, കല്ലിശ്ശേരി
35. ജിജി മത്തായി, ചെങ്ങമനാട്
36. സോജ പി. ജോസഫ്, കുന്നംകുളം
37. കെ. ഐ. ജോസഫ്, തലവടി
38. എ. ററി. ഗീവറുഗീസ്, കൽക്കട്ടാ
39. ജി. കുട്ടി, പെറയനാട്
40. തങ്കമ്മ സഖറിയാ, ആറാട്ടുപുഴ
41. മിനി എം. ഏബ്രഹാം, മലയാലപ്പുഴ
42. റിനി അലക്സ്, കവിയൂർ
43. സി. വി. പാപ്പച്ചൻ, കുന്നംകുളം
44. റേച്ചൽ ചാക്കോ, ആനിക്കാട്
45. ശൈനോ ജോൺ, ട്രിച്ചി
46. കെ. എസ്. ജോസഫ്, ആനന്ദമേട്
47. മറിയാമ്മ ജോർജ്, കോഴിക്കോട്
48. പി. വി. അച്ചാമ്മ, മഞ്ഞപ്ര
49. പി. സി അമ്മിണി, കുന്നംകുളം
50. ചിന്നമ്മ ലൂക്കോസ്, മീൻകുളം
51. പുഷ്പാ ഏബ്രഹാം, തലവടി
52. പി. സി. ചെറിയാൻ, ദുർഗ്
53. ജോർജ് മുതലാളി, കൊച്ചി
54. മത്തായി എം. ജി., നാരങ്ങാനം
55. ലതാ മേരി, തെള്ളിയൂർ
56. മറിയാമ്മ വറുഗീസ്, ആനിക്കാട്

പാഠം 68—ന്റെ ഉത്തരവും വിജയികളുടെ പേരുകളുമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അവസാനെ പാഠമാകയാൽ ഏതാനും തെററുവരുത്തിയവരെയും വിജയികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സാധാരണ കൈകാര്യം ചെയ്യുന്നതിനാലാവാം പലരും അധികം തെററുകൾ വരുത്തിയത്. പാഠത്തിലുള്ള ഉത്തരവും നിങ്ങളുടെ ഉത്തരവും കൂടിനോക്കി വരുത്തിയ തെററു മനസ്സിലാക്കുക തെററുകളുടെ എണ്ണം അനുസരിച്ചാണ് ക്രമനമ്പർ കൊടുത്തിരിക്കുന്നത്. സാധാരണ കൈകാര്യം ചെയ്യുന്നവ കൂടുതൽ ശ്രദ്ധയോടെ ആയിരുന്നെങ്കിൽ ആരാധന എന്തു് അനുഗ്രഹകരമാകുമായിരുന്നു.

പുതിയ പഠനപംക്തിയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

സമ്മാനാർഹരായിട്ടുള്ളവർ നേരത്തെതന്നെ ഫാ. ററി. ജി. സഖറിയ, മാനേജർ, മലങ്കരസഭ, കോട്ടയം—38 എന്ന വിലാസത്തിൽ അധികാരപത്രത്തിനായി എഴുതുക. നേരിട്ടുവാങ്ങാൻ സാധിക്കാത്തവർ മററ് ആരെയെങ്കിലും ചുമതലപ്പെടുത്തി സമ്മാനം വാങ്ങുവാൻ എത്തുക. സമ്മാനങ്ങൾ പരുമല പെരുനാൾ ദിനത്തിൽ പരുമലവച്ച് നൽകുന്നതാണ്.

## ഉദ്ദേശകാര്യസാദ്ധ്യത്തിന്



MARIAMMA (RAK)

# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM-686 038


ഉദ്ദേശകാര്യസാദ്ധ്യത്തിന്



**BLESON**
Mavelikara


Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Rev. Dr. Jacob K[illegible]an